
# Lourde Voice

## ലൂർദ്ദ് വോയ്സ്

DEC 2021



**LOURDES FORANE CHURCH**

GANDHIPURAM, COIMBATORE

WWW.LOURDESFORANE.COM

**www.lourdematrimonial.com**






















BEETEX® INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ
WWW.LOURDESFORANE.COM

പുസ്തകം 3 ഡിസംബർ– 2021 ലക്കം 12


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Jeevan Poruthur CMI
Ph: 9344177797
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. C.G. Antony
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164

എഡിറ്റോറിയൽ
ഇടയമൊഴി
Think like a porton! Always be positive
ഇടവക വാർത്തകൾ
സംഘടനാവാർത്തകൾ
SMYM
ഓർമ്മിക്കേണ്ട ദിവസങ്ങൾ
സഭാവാർത്തകൾ
Catechism News
Kids Corner
Marian Knowledge





Sr. Therese John FCC

എഡിറ്റോറിയൽ

# കടപ്പാട്

" നമ്മുടെ ദുഃസ്ഥിതിയിൽ അവിടുന്ന് നമ്മെ ഓർത്തു" (സങ്കി 136:23)


"2021" ആരംഭിച്ചപ്പോൾ കോവിഡ് എന്ന രോഗഭീതിയിൽ കിടന്നുലഞ്ഞിരുന്ന നമ്മൾ ഇതാ വർഷത്തിന്റെ അവസാനമാസത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. ഇതിനിടയിൽ നമ്മുടെ അറിവിലും പരിചയപ്പെട്ട എത്രയോ പേർ നമ്മോട് യാത്രപറഞ്ഞു കഴിഞ്ഞു. എങ്കിൽ ദാനമായി ലഭിച്ചിരിക്കുന്ന നമ്മുടെ ഈ ജീവിതത്തിന് നന്ദി പറയാൻ നാം കടപ്പെട്ടവരല്ലേ. ദാനത്തെ തിരിച്ചറിയാൻ കഴിയുന്നവനിൽ നിന്ന് ഉയരുന്ന മനോഭാവമാണ് നന്ദി. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ (1തെസ 5:18) എന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. തുടർന്ന് പൗലോസ് ശ്ലീഹാ പറയുന്നു ദാനമായി നിങ്ങൾക്ക് കിട്ടി ദാനമായി തന്നെ കൊടുക്കുവിൻ. ജീവനും ജീവിതവും സമ്പത്തും സുഖസൗകര്യങ്ങളുമെല്ലാം ദൈവത്തിന്റെ ദാനമായിരിക്കെ നമുക്ക് അതിൽ അഹങ്കരിക്കാൻ ഒന്നുമില്ല. മറിച്ച് എളിമയോടെ അത് അപരനുമായി പങ്കുവച്ച് കൊണ്ടാണ് ദാതാവിനോട് നന്ദി പ്രകാശിപ്പിക്കേണ്ടത്.

ഈ കോവിഡ് കാലഘട്ടത്തിൽ നേരിടേണ്ടിവന്ന സകല ദുരിതങ്ങളെയും പ്രത്യാശയോടെ അതിജീവിക്കാൻ നമ്മെ സഹായിച്ചത് ദൈവം ദാനമായി നല്കിയ വിശ്വാസമാണ്. ഈ വിശ്വാസം നമ്മൾ വരും തലമുറയ്ക്ക് പകർന്നു കൊടുക്കേണ്ടിയിരിക്കുന്നു. "കർത്താവിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും. അവർ കഴുകന്മാരെപോലെ ചിറകടിച്ചുയരും"(ഏശയ്യ 41:30) എന്ന വചനം നമ്മെ നയിക്കണം, ശക്തിപ്പെടുത്തണം. വരാനിരിക്കുന്ന സകല പ്രതിസന്ധികളെയും അതിജീവിക്കാൻ ഒരു ക്രൈസ്തവന് ഈ വിശ്വാസം ആവശ്യമാണ്. വരും തലമുറയെ ഈ

വിശ്വാസത്തിൽ ആഴപ്പെടുത്താൻ നാം എന്തുചെയ്യണം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

അപരന്റെ സൗഖ്യവും ആരോഗ്യവും നമ്മുടെ നിലനില്പിന് അത്യാവശ്യമാണ് എന്ന് ഈ കോവിഡ് കാലഘട്ടം നമ്മെ പഠിപ്പിച്ചു. അധിക ലാഭമുണ്ടാക്കാൻ ഭക്ഷണ സാധനങ്ങളിൽ മായം ചേർത്തും അധിക വിളവുണ്ടാകുവാൻ മനുഷ്യന് ഹാനികരമായ മരുന്നുകൾ പ്രയോഗിച്ചും അനാരോഗ്യപരമായ പ്രശ്നങ്ങൾ പ്രകൃതിയിൽ വിതച്ചത് മനുഷ്യന്റെ അത്യാഗ്രഹവും അനീതിയുമല്ലേ? പ്രകൃതിയെ ചൂഷണം ചെയ്യാതെ അപരന്റെ വളർച്ചയെ അസൂയയോടെ വീക്ഷിക്കാതെ ഇനിയെങ്കിലും മറ്റുള്ളവരുടെ സുരക്ഷിതത്വവും നന്മയും ലക്ഷ്യം വച്ചുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങളെ ക്രമീകരിക്കാം. സ്വാർത്ഥത വെടിഞ്ഞ് നിഷ്കളങ്ക സ്നേഹത്താൽ നിറയാനും അതുപകരാനും നമുക്ക് സാധിക്കട്ടെ.

തിരക്കു പിടിച്ച നമ്മുടെ ജീവിതത്തിൽ കുടുംബാംഗങ്ങളോടൊന്നിച്ച് സമയം ചിലവഴിക്കാനും പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കാനും മറ്റുള്ളവരെ അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കാനും സോഷ്യൽ മീഡിയകൾ ഉപയോഗിക്കാൻ പഠിക്കാനും ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയാനുമെല്ലാം കോവിഡ് കാലഘട്ടം നമ്മെ സഹായിച്ചു. അതിനാൽ എല്ലാം നന്മയക്കായ് മാത്രം പരിണമിപ്പിക്കുന്ന (റോമ 8:28) നല്ല ദൈവത്തിന് നന്ദിയുടെ മനോഭാവം ഹൃദയത്തിൽ കാത്തു സൂക്ഷിച്ചുകൊണ്ട് പുതിയ വർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാനൊരുങ്ങാം.



ഫാ. തോമസ് കാവുങ്കൽ
വികാരി

## ഇടയമൊഴി

# കെനോസ്സിസ്

ഇന്ന് രക്ഷകന് പിറക്കാൻ നമ്മൾ ഒരു ഇടം ഒരുക്കണം. എന്റെ ജീവിതത്തിൽ, കുടുംബത്തിൽ, ഇടവകയിൽ രക്ഷകന്റെ പിറവി സംഭ വിക്കണം. ക്രിസ്തുമസ്സ് രാത്രി നമ്മുടെ മനസ്സിന്റെയും വീടിന്റെയും വാതിലുകൾ അവന് പിറവി എടുക്കാൻ തുറന്നിടാം. അവന്റെ സമാ ധാനം നമ്മുടെ ഹൃദയത്തിൽ നിറയട്ടെ. സക്കേവൂസ് ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. (ലൂക്കാ 19:6) കർത്താ വിനെ സന്തോഷത്തോടെ സ്വീകരിച്ച യേശു അവനോട് പറഞ്ഞു ഇന്ന് ഈ കുടുംബത്തിന് രക്ഷ ലഭിച്ചിരിക്കുന്നു (ലൂക്ക.19:9) നമ്മുടെ കുടും ബത്തെയും രക്ഷയുടെ അനുഭവത്തിലേക്ക് വളർത്താം.

ഈശോ കുടുംബത്തിൽ വരണമെങ്കിൽ ചെറുതാകലന്റെ പുതിയ സംസ്കാരത്തിലേക്ക് നാം വളരണം. ലോകത്തിലെ എല്ലാ പ്രശ്ന ങ്ങളുടെയും പരിഹാരം **''കെനോസിസ്''** (ശൂന്യവൽക്കരണം) ആണ് എന്ന് അവനു ബോധ്യമുണ്ടായിരുന്നു. വ്യക്തിബന്ധത്തിലും, കുടുംബത്തിലും, സമൂഹത്തിലും, സഭയിലും രാഷ്ട്രങ്ങൾക്കിടയിലും 'സോറി' (Sorry) എന്നും 'ക്ഷമിച്ചു' എന്നും പറഞ്ഞ് സ്വയം ചെറുതാ യാൽ തീരാവുന്ന പ്രശ്നങ്ങളെ ഉള്ളൂ ഈ ലോകത്തിൽ.

രണ്ടാമതായി ലാളിത്യം ദൈവം പിറക്കുന്നത് കൊട്ടാരത്തിൽ ആയിരിക്കുമെന്ന നിഗമനത്തിലാണ് അവനെ തിരക്കി രജാക്കന്മാർ അവിടെയെത്തിയത്. അവർക്കുതെറ്റി. അവനെ അവർ കണ്ടെത്തി യത് പുൽക്കൂടിന്റെ ലാളിത്യത്തിലാണ്. അവൻ സഞ്ചരിക്കുന്ന ഇമ്മാ നുവേൽ "ദൈവം നമ്മോടുകൂടെ".

മൂന്നാമതായി നമ്മൾ ജീവിക്കുന്നത് ലഹരി ഒഴുകുന്ന ഒരു കാലഘ ട്ടത്തിലാണ്. ക്രിസ്തുമസ്സിന്റെയും പുതുവൽസരത്തിന്റെയും ആഘോ ഷവേളയിൽ ഈ വിപത്തിനെതിരെ ജാഗരൂകത പാലിക്കാം.

ആര്യൻഖാൻ കാലത്തിന്റെ കണ്ണാടിയാണ്. സമൂഹത്തെ കാർന്നു തിന്നുന്ന ഈ ലഹരിവിപത്തിനെപറ്റി ഇനിയും നമ്മൾ ബോധവാന്മാരായില്ലെങ്കിൽ നിഷ്കളങ്കമായ യുവാക്കളെയും കുട്ടികളെയും ഈ ദുരന്തത്തിലേക്ക് നാം തള്ളിവിടുകയായിരിക്കും. മയക്കുമരുന്നിനെ ഇല്ലാതാക്കാൻ ലോകത്തിൽ ഒരു സംവിധാനത്തിനു കഴിയില്ല. പലരാജ്യങ്ങളിലും ഇതിന്റെ ഉപയോഗം അനുവദിച്ചിട്ടുണ്ട്. ചില രാജ്യങ്ങളുടെ വരുമാനം തന്നെ മയക്കുമരുന്ന് കയറ്റുമതിയാണ്. മയക്കുമരുന്ന് റാക്കറ്റുകൾ ശക്തമാണ്. എളുപ്പം പൊട്ടിച്ചെറിയാൻ കഴിയില്ല. നമ്മൾ അതുമായി അകലം പാലിക്കുക. കുട്ടികളുടെ പെരുമാറ്റത്തിലും സ്വഭാവത്തിലും എന്തെങ്കിലും ഒരു മാറ്റം ശ്രദ്ധയിൽപ്പെട്ടാൽ നിങ്ങൾ അതിനെ അവഗണിക്കരുത്. വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന മയക്കു മരുന്നിന് എതിരെ ഒറ്റയാൾപോരാട്ടമല്ല ഒറ്റക്കെട്ടായ ചെറുത്ത് നിൽപ്പാണ് ആവശ്യം. മയക്കുമരുന്ന് ആദ്യം വല വിരിക്കുന്നത് കുട്ടികൾക്ക് ചുററുമാണ്. സൗജന്യമായി തുടക്കത്തിൽ ലഭിക്കും. പിന്നീട് കാശിനു വിൽക്കും. വാങ്ങാൻ പണമില്ലാതെ വരുമ്പോൾ വില്പനക്കാരന്റെ ഏജന്റും ക്യാരിയർമാരും ഒക്കെയാകും, ചിലപ്പോൾ ഇതിനുവേണ്ടി മറ്റൊരു വ്യക്തിയെ കൊല്ലും. അത് മാതാപിതാക്കളെന്നോ മക്കളെന്നോ, ജീവിതപങ്കാളിയെന്നോ മുഖംനോട്ടമില്ല. ജീവിതവും ഭാവിയും നഷ്ടപ്പെട്ടു നാട്ടുകാരാലും വീട്ടുകാരാലും വെറുക്കപ്പെട്ട് ഏതെങ്കിലും ഒരു തെരുവിൽ ജീവിതം അവസാനിക്കും. ചിലർ അവസാനിപ്പിക്കും. ലഹരി വിപത്തിന് എതിരെ ജാഗ്രതയുള്ളവരായി ഈ ക്രിസ്തുമസ്സ് പുതുവത്സരകാലഘട്ടത്തിൽ ആയിരിക്കാം. നിങ്ങൾ വിളിച്ചപേക്ഷിക്കുമ്പോൾ ദൈവം ഇത്രത്തോളം സമീപസ്ഥമായിരിക്കുന്ന മറ്റ് ഏത് ജനതയാണ് ഉള്ളത് (നിയമ 4:7) ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.



**Fr. Jeevan Poruthur CMI**
Asst. Vicar

# THINK LIKE A PROTON! ALWAYS BE POSITIVE

Mother Theresa once said “Do small things with great love.”

It is up to each of us to decide what we will become in our life. We have the ability to build, control and destroy our own lives. We are the masters of our lives. May be the living conditions in which we were born are different from others. Our circumstances are not in our hands but the time is something that we all have in common. Everyone gets only 24 hours in a day. There is no difference in that. Most important thing is that we should think about how we are taking advantage or how we are utilizing this time. Are we able to adjust the time, the opportunities, according to the priorities of our day to day life?

Many of the great personalities in this world were not lived in a favourable condition. But they made effective use of the time and circumstances available to them. They all worked hard and achieved success in life. Repeat, practice and you can become a master. The biggest lie in your life is saying that you don’t have time. When we are not ready to take up some challenges in our life we will make some excuses by saying that I don’t have time. We should be prepared to take up all challenges and crisis in our life in a positive attitude. Trails and experiences what we have nurture our life. So don’t be sad in the time of difficulties but receive it in a positive attitude and make use of the time and the opportunities what we get. Never forget to act like a proton, and always be happy because this shall to be passed. Wishing you a Merry Christmas and Happy New Year.......

# ഇടവക വാർത്തകൾ

**ഇടവക വാർത്തകൾ**

**വരവേൽക്കാം പൊന്നുണ്ണിയെ**

വീണ്ടും ഒരു ക്രിസ്തുമസ്സ്ക്കാലം വരവായി. പുൽക്കൂട്ടിൽ പിറന്നവൻ ഹൃദയത്തിൽ വന്ന് പിറക്കാൻ 25 ദിവസവും നോമ്പ് എടുത്ത്, വി. കുർബാനയിൽ പങ്കെടുത്ത്, സുകൃതജപം ചൊല്ലി, കുമ്പസാരിച്ച്, പുതുവസ്ത്രങ്ങൾ അണിഞ്ഞ്, നക്ഷത്രങ്ങളും ക്രിമ്പും, ആശംസ കാർഡുകളും, പുൽക്കൂടും, കേക്കുകളും എല്ലാം പങ്കുവെച്ച് പൂജ്യരാജാക്കന്മാരെപ്പോലെ നമുക്ക് ഉണ്ണിയേശുവിനെ ആരാധിക്കാം. ഏവർക്കും ക്രിസ്തുമസ്സ് മംഗളങ്ങളും പ്രാർത്ഥന ആശംസകളും.

**അമലോത്ഭവ തിരുനാൾ**

ഡിസംബർ 8-ാം തിയ്യതി അമലോത്ഭവ തിരുനാൾ ആണല്ലോ. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്ന മംഗളവാർത്ത മറിയം വിശ്വസിച്ചു. നമ്മുടെ ജീവിതത്തിലും ദൈവിക അരുളപ്പാടുകൾ സ്വീകരിക്കാനുള്ള കൃപക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**അന്നാപെസഹാ തിരുന്നാളിൽ**

സീറോ മലബാർ സഭയുടെ നവീകരിച്ച തക്സാ ഉപയോഗിച്ചുകൊണ്ടുള്ള വി. കുർബാന അർപ്പണം ഇടവകയിൽ നവംബർ 28-ാം തിയ്യതി ഞായറാഴ്ച മുതൽ ആരംഭിച്ചു. അനുദിനം വി. കുർബാന അല്പം കൂടെ സമയദൈർഘ്യം കുറക്കുവാൻ ഈ നവീകരണത്തിലൂടെ സാധിച്ചിട്ടുണ്ട്. സീറോ മലബാർ സഭ മുഴുവനും ഒരുമയോടെ ബലിയർപ്പിച്ച് നമ്മുക്ക് ദൈവത്തെ മഹത്ത്വപ്പെടുത്താം.

**ഹായ് ക്രിസ്തുമസ്സ് ഫാദർ**

ക്രിസ്തുമസ്സ്ക്കാലം കരോളിന്റെയും ആശംസകളുടെയും കാലമാണല്ലോ. SMYM ഒരുക്കുന്ന കരോളിനെ നമുക്ക് സ്നേഹപൂർവ്വം വരവേൽക്കാം. പരസ്പരം ആശംസകൾ നേരാം. ഉണ്ണീശോക്ക് നേർച്ചകാഴ്ചകൾ സമർപ്പിക്കാം.

**മുന്തിരിത്തോപ്പിലേക്ക് റവ. സി ഗ്രേസ്മേരി FCC**

ഈശോയുടെ മുന്തിരിത്തോപ്പിലേക്ക് വിളിക്കപ്പെട്ട റവ. സി. ഗ്രേസ്മേരി FCC നിത്യവ്രതവാഗ്ദാനം ചെയ്ത് ആദ്യമായി ഇടവകയിലേക്ക്

വന്നപ്പോൾ ഇടവക നിറഞ്ഞ ഹൃദയത്തോടെ സ്വീകരണം നൽകി. വിശുദ്ധബലി അർപ്പിച്ച് നവംബർ 7-ാം തിയ്യതി പ്രാർത്ഥിച്ചു. പൂക്കളും സമ്മാനങ്ങളും നൽകി ആദരിച്ചു. റവ. സിസ്റ്റർ ഏവർക്കും നന്ദിയർപ്പിച്ചു. ഇനിയും എനിക്ക് വേണ്ടി പ്രാർത്ഥിക്കണം എന്ന് ജനത്തെ ഓർമ്മപ്പെടുത്തി.

**അഖണ്ഡജപമാലയും വെഞ്ചിരിപ്പും**

ഒക്ടോബർ 31-ാം തിയ്യതി അഖണ്ഡജപമാലയും അന്നേ ദിവസം മാതൃവേദി അംഗങ്ങൾ നിർമ്മിച്ച 500 ലധികം ജപമാലകൾ വെഞ്ചിരിച്ചു. അഖണ്ഡജപമാലയിൽ പങ്കെടുത്ത ഏവർക്കും ജപമാല നിർമ്മിച്ച മാതൃവേദി അംഗങ്ങൾക്കും പ്രത്യേക അനുമോദനങ്ങളും നന്ദിയും അറിയിക്കുന്നു.

Elders Day

ഇടവകയിലെ 70 വയസ്സിനു മുകളിൽ പ്രായമുള്ള ദമ്പതികളെയും 60 വയസ്സിനു മുകളിൽ പ്രായമുള്ള ഏകസ്ഥരായി കഴിയുന്നവരെയും വി. യൗസ്സേപിതാവിന്റെ വർഷത്തിൽ പിതൃവേദിയുടെ നേതൃത്വത്തിൽ ആദരിച്ചു. 93 വയോധികർ ഈ സംഗമത്തിൽ പങ്കെടുത്തു. 24.10.2021 അവർക്കുവേണ്ടി പ്രത്യേക വിശുദ്ധബലിയും, സെമിനാറും, അനുഭവം പങ്കുവെയ്ക്കലും, കളികളും, സമ്മാനങ്ങളും, സ്നേഹവിരുന്നും നടത്തി. പിതൃവേദി അംഗങ്ങൾ, മാതൃവേദി അംഗങ്ങൾ ബ. സിസ്റ്റേഴ്സ് എന്നിവർ ഈ സംഗമത്തെ സഹായിച്ചു. രൂപത പിതൃവേദി പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. ഈ ദിവസത്തെ മനോഹരമാക്കാൻ ഉദ്യമിച്ച പിതൃവേദി സംഘടനക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും സ്പോൺസേഴ്സിനും വീട്ടുകാർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**വിശ്വാസപരിശീലന - അദ്ധ്യാപക ദിനം**

വി. ചാൾസ് ബൊറോമിയുടെ തിരുന്നാൾ ദിവസം വിശ്വാസപരിശീലക-അദ്ധ്യാപക ദിനമായി ആചരിച്ചു. നവംബർ 4-ാം തിയ്യതി വൈകിട്ട് 6 മണിക്ക് വിശുദ്ധകുർബാനയും തുടർന്ന് സെമിനാറും, സ്നേഹവിരുന്നും നടത്തപ്പെട്ടു. വിശുദ്ധകുർബാനക്കും സെമിനാറിനും റവ. ഫാ. ആൻസൺ പാണേങ്ങാടൻ CMI നേതൃത്വം നൽകി. വിശ്വാസപരിശീലകർക്കൊപ്പം PTA ഭാരവാഹികൾ സെമിനാറിൽ പങ്കെടുത്തു. ഏവർക്കും നന്ദിയും അനുമോദനവും.

**പറുദീസ തിരുന്നാൾ**

നവംബർ 2-ാം തിയ്യതി മരിച്ചുപോയവരെ ഓർത്ത് കല്ലറ തിരുന്നാൾ

നടത്തി. രാവിലെ 6:15 നും ഉച്ചതിരിഞ്ഞ് 5:30 നും വിശുദ്ധകുർബാനയും, ഒപ്പീസ് പ്രാർത്ഥനയും, കല്ലറ വെഞ്ചരിപ്പും ഉണ്ടായിരുന്നു. ഈ വർഷത്തെ കല്ലറ തിരുന്നാൾ മനോഹരമാക്കാൻ ഉദ്യമിച്ച മാതൃവേദി, പിതൃവേദി SMYM, N.R. Antony, Mr. Ouseph, Mr. Martin.S, ഗായക സംഘം, ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, കപ്യാർമാർ, അൾത്താരസംഘം എന്നിവർക്ക് നന്ദി രേഖപ്പെടുത്തി. നവംബർ മാസത്തിൽ വ്യാഴാഴ്ചകളിൽ കല്ലറയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനയും (രാവിലെ 10:30 മുതൽ 12 മണിവരെ), ശനിയാഴ്ചകളിൽ രാവിലെ 7 മണിക്ക് ഒപ്പീസും പ്രാർത്ഥനയും നടത്തിയിരുന്നു. സഹകരിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**Catechism ക്ലാസ്സുകൾ**

നവംബർ 7-ാം തിയ്യതി ഞായറാഴ്ച മുതൽ Catechism ക്ലാസ്സുകൾ പള്ളിയിൽ നേരിട്ട് നടത്തുവാൻ തീരുമാനിച്ചു. രാവിലെ 8 മണിമുതൽ 10 മണിവരെ Catechism, തുടർന്ന് ജപമാല, വിശുദ്ധകുർബാന എന്നിവ നടത്തുന്നു. കുട്ടികൾക്ക് snacks sponsor ചെയ്യാൻ താല്പര്യമുള്ളവർ Rs. 2000/- കൈക്കാരന്മാരെയൊ, PTA ഭാരവാഹികളെയോ, Catechism HM നെയോ ഏല്പിക്കുക. കുട്ടികളെ കൃത്യസമയത്ത് തന്നെ വിശ്വാസപരിശീലനത്തിന് പറഞ്ഞ് വിടുകയും ചെയ്യുക.

**Logos Quiz**

ഡിസംബർ 19-ാം തിയ്യതി ഞായറാഴ്ച Logos quiz നടത്തപ്പെടുന്നു. പേര് കൊടുത്തിട്ടുള്ള എല്ലാവരും Logos പരീക്ഷക്കായി ഒരുങ്ങുക. പരീക്ഷ സമയം 2 മണി മുതൽ ആയിരിക്കും.

**പഠനഭാഗങ്ങൾ - അധ്യായങ്ങൾ**

നിയമാവർത്തനം- 22 -34

പ്രഭാഷകൻ - 18- 22

വി. മാർക്കോസ് - 1 - 8

1 കോറിന്തോസ് - 1 - 8

**ആശംസകളോടെ**

നമ്മുടെ ഇടവകയിലെ യുവജനസംഘടനയിൽ നിന്ന് Ashil Sebastian SMYM Joint Secretary (Diocese) Rijo Varghese, Sports & Arts leader (Diocese), Technical Team (Diociese) Prince Samuvel, Jeffin, Prinson, Aldrin

എന്നിവരെ തെരഞ്ഞെടുത്തു. ഏവർക്കും അഭിനന്ദനവും ആശംസകളും.

**മിഷൻ ഞായർ ആചരണം – നവംബർ 14**

ഇടവകയിൽ നവംബർ 14–ാം തിയ്യതി മിഷൻ ഞായറായി ആചരിച്ചു. അന്നേ ദിവസം വിശുദ്ധകുർബാനയും ലേലവും, വിവിധ food Stall കളും ഉണ്ടായിരുന്നു. മിഷൻ ലേല വസ്തുക്കൾ കൊണ്ടുവന്നവർക്കും, ലേലത്തിൽ പങ്കെടുത്തവർക്കും, വിവിധ food Stall കൾ ഒരുക്കിയ പിതൃവേദി, മാതൃവേദി, യുവജനവേദി എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു. മിഷനുവേണ്ടിയും, ഇടവകയുടെ കടബാധ്യതകൾ വീട്ടാൻവേണ്ടിയും നാം ഇത് പ്രയോജനപ്പെടുത്തുന്നതാണ്. കൈക്കാരൻമാർക്കും Mr. Saji Issac, Mr. Saji Jacob, Mr. Davis P.A, Mr. Paul Mathew എന്നിവർക്കു പ്രത്യേക അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു.

**വിശ്വാസപരിശീലനദിനവും ശിശുദിനവും**

നവംബർ 14–ാം തിയ്യതി ഞായറാഴ്ച ഇടവകയിൽ വിശ്വാസപരിശീലനദിനവും ശിശുദിനവും സംയുക്തമായി ആചരിച്ചു. ഉച്ചകഴിഞ്ഞ് 6:30 മുതൽ 8:15 വരെ കുട്ടികളുടെ കലാപരിപാടികൾ നടത്തപ്പെട്ടു, തുടർന്ന് മധുരം വിതരണം ചെയ്തു. Catechism HM Rev. Sr. Therese John FCC സ്വാഗതവും, Mrs. Ajimol Antony റിപ്പോർട്ടും, Mr. Shaju E.A (Karikkaran), Mr. Antony Jacob (PTA), Mr. C.I Poulose (Cathechism Teacher), റവ. ഫാ ജീവൻ പൊറത്തൂർ CMI (Assi. Director), റവ. സി. മേരി ആന്റോ FCC (Mother Superior) ആശംസകൾ അർപ്പിച്ചു. വികാരിയച്ചൻ റവ. ഫാ. തോമസ് കാവുങ്കൽ അദ്ധ്യക്ഷതപദം അലങ്കരിച്ചു. Mrs. Deepa Biju ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. നയനമനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ച എല്ലാ കുട്ടികൾക്കും, മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും നന്ദിയുടെ നറുമലരുകൾ. ഇവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. Cathechism day യും Children's Day യും മനോഹരമാക്കാൻ ഉദ്യമിച്ച ടീച്ചേഴ്സ്, മാതാപിതാക്കൾ, പ്രോത്സാഹിപ്പിച്ച ഇടവകാംഗങ്ങൾ, അരങ്ങത്തും അണിയറയിലും പ്രവൃത്തിച്ചവർ എന്നിവർക്ക് നന്ദിരേഖപ്പെടുത്തുന്നു. ഈശോ ഏവരെയും അനുഗ്രഹിക്കട്ടെ.

**SMYM DAY**

ഇടവകയിൽ നവംബർ 28–ാം തിയ്യതി ഞായറാഴ്ച യുവജനദിനമായി ആഘോഷിച്ചു. അന്നത്തെ രണ്ടാമത്തെ കുർബാനയുവജനങ്ങളുടെ

നേതൃത്വത്തിലായിരുന്നു. തുടർന്ന് ഒരു മണിക്കൂർ സമയം കലാപരിപാടികൾ നടത്തപ്പെട്ടു. ഇതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച എല്ലാ യുവജനങ്ങൾക്കും ഇടവകയുടെ നന്ദി രേഖപ്പെടുത്തുന്നു. നേതൃത്വം കൊടുത്ത SMYM ഭാരവാഹികൾക്കും മാതാപിതാക്കൾക്കും സമർപ്പണം നടത്തിയവർക്കും നന്ദി.

**പ്രീ-സിനഡൽ ഫൊറോന സമ്മേളനം**

**Roman Synod 2023**

2023 റോമിൽ വച്ച് ഫ്രാൻസ്സിസ് മാർപാപ്പ വിളിച്ച് ചേർക്കുന്ന സിനഡിന്റെ ഒരുക്കമായിട്ടുള്ള ഒരു മീറ്റിംഗ് നവംബർ 21-ാം തിയ്യതി ഞായറാഴ്ച നമ്മുടെ ഇടവകയിൽ നടത്തപ്പെട്ടു. അന്ന് വൈകീട്ട് 4 മണിക്ക് വിശുദ്ധ കുർബാനക്ക് അഭിവന്ദ്യപിതാവും നമ്മുടെ ഫൊറോനയിൽ ഉൾപ്പെടുന്ന പള്ളികളുടെയും, സ്ഥാപനങ്ങളുടെയും വികാരിമാരും, സുപ്പീരിയർമാരും ഒന്നുചേർന്ന് ദിവ്യബലിയർപ്പിച്ചു. ഓരോ ഇടവകയിൽ നിന്നും യൂണിറ്റുകളുടെയും, സംഘടനകളുടെയും നേതൃത്വ നിരയിൽ ഉള്ളവരും കൈക്കാരന്മാർ ഫൊറോന/ രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു. നല്ല ഒരു ചർച്ച നടന്നു. ഇങ്ങനെ ഒരു അവസരം നൽകിയ നല്ല ദൈവത്തിനു നന്ദിപറയാം. നേതൃത്വം നൽകിയ അഭിവന്ദ്യ പിതാവിനും പ്രൊവിൻഷ്യാൾ അച്ചനും സ്ഥാപനങ്ങളിൽ നിന്നും കോൺവെന്റുകളിൽ നിന്നും പങ്കെടുത്ത എല്ലാ അധികാരികൾക്കും നന്ദി പറയുന്നു. അതുപോലെ ഓരോ ഇടവകയിൽ നിന്ന് എത്തിച്ചേർന്നവർക്കും നന്ദി രേഖപ്പെടുത്തുന്നു. വിവിധ ഇടവകകളിൽ നിന്നും 175 ഓളം പ്രതിനിധകൾ പങ്കെടുത്തു. തുടർന്ന് നമ്മുക്ക് പ്രാർത്ഥിക്കാം സിനഡിന്റെ വിജയത്തിനായി.

**ദീപിക പത്രവും വരിസംഖ്യയും**

ദീപിക പത്രം പല വീടുകളിൽ ശരിയായി വിതരണം ചെയ്യപ്പെടുന്നില്ല എന്നതിൽ ഖേദമുണ്ട്. അതിനെ ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദീപികയുടെയും അനുബന്ധപ്രസിദ്ധീകരണങ്ങളുടെയും വരിസംഖ്യ എല്ലാവരും കൊടുക്കണം. 2022 ജനുവരി മാസം 1-ാം തിയ്യതി മുതൽ 31-ാം തിയ്യതിവരെയായിരിക്കും ഇതിന്റെ വരിസംഖ്യ നൽകേണ്ടത്. 2021 സെപ്റ്റംബർ 15-ാം തിയ്യതി മുതൽ ഡിസംബർ 31-ാം തിയ്യതിവരെ മൂന്നരമാസത്തെ വരിസംഖ്യ എല്ലാവരും തന്ന് സഹകരിക്കണം. പത്ര വിതരണത്തിൽ വന്ന വീഴ്ചകൾക്ക് പ്രത്യേകം ക്ഷമ ചോദിക്കുന്നു.

എല്ലാവരും വരിസംഖ്യ നല്കുകയും ഇനിയും പത്രവരിക്കാരെ ചേർക്കുകയും ചെയ്യുമല്ലോ.

**സമ്മാനങ്ങൾ നൽകി ആദരിച്ചു**

ജപമാല സമാപനദിനത്തിൽ വിശ്വാസപരിശീലന വിഭാഗം രൂപതാതലത്തിലും ഇടവകതലത്തിലും സമ്മാനർഹരായ വിദ്യാർത്ഥികളെയും, അദ്ധ്യാപകരെയും ആദരിച്ചു. നവ വൈദികർ സമ്മാനങ്ങൾ നൽകി. സമ്മാനാർഹരായ ഏവർക്കും അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു.

**നവ വൈദീകരുടെ സ്വീകരണവും ജപമാല സമാപനവും**

ഇടവകയിൽ ജപമാല സമാപനദിവസമായ ഒക്ടോബർ 19-ാം തിയ്യതി നമ്മുടെ രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച റവ. ഫാ. അമൽ പാലാട്ടി, റവ. ഫാ.ആന്റണി കുട്ടുങ്കൽ, റവ. ഫാ. ചാർളസ് ചിറമൽ, ഫാ. അഗസ്റ്റ്യൻ ചിരിയൻകണ്ടത്ത് എന്നിവർക്ക്  സ്വീകരണം നൽകി. അവരുടെ നേതൃത്വത്തിൽ വിശുദ്ധകുർബാനയും, സമാപനജപമാലയും, വാഹനവെഞ്ചിരിപ്പും നടത്തി. വിശുദ്ധബലിക്ക്ശേഷം നവ വൈദികരെ ആദരിച്ചു, സമ്മാനങ്ങൾ നൽകി. പത്ത് ദിവസവും മുടങ്ങാതെ ജപമാലയിൽ പങ്കെടുത്തവർ നവ വൈദീകരിൽ നിന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങി. നവ വൈദീകർ ഏവർക്കും നന്ദി പറയുകയും ചെയ്തു. അവരുടെ ജീവിതം അനേകം മക്കൾക്ക് ആശ്വാസമായി തീരട്ടെയെന്ന് ദൈവജനം പ്രാർത്ഥന ആശംസകൾ നേർന്നു.

**അഭിമാനത്തോടെ ഗായക  സംഘം**

നമ്മുടെ രൂപതയിലെ ദേവാലയങ്ങളിലെ ഗായകസംഘത്തിനുവേണ്ടി സംഘടിപ്പിച്ച ഗാനമത്സരത്തിൽ നമുടെ ഇടവകയിലെ Angel wings choir രൂപതയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. നമ്മുടെ Angel wings choir അംഗങ്ങൾക്ക് പ്രത്യേക അനുമോദനങ്ങൾ. ഇതിനുവേണ്ടി വളരെയധികം ത്യാഗം അനുഷ്ഠിച്ചവർക്കും നേതൃത്വ നിരയിൽ പ്രവർത്തിച്ചവർക്കും പ്രത്യേകം നന്ദിയും അഭിനന്ദനവും, ഇനിയും ഗായകസംഘം ഉയരങ്ങൾ കീഴടക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**Lourde Matrimonial Ministry**

ഇടവകയുടെ പിതൃവേദിയുടെ നേതൃത്വത്തിൽ വിവാഹത്തിന് ഒരുങ്ങുന്നവർക്കും ജീവിത പങ്കാളിയെ തേടുന്നവർക്കുമായി www.Lourdematrimonial.com എന്ന website, വി. യൗസേപ്പിതാവിന്റെ

വാർഷാചരണത്തിന്റെ ഭാഗമായി ആരംഭിച്ചിരിക്കുന്നു. ഇതിന് നേതൃത്വം കൊടുത്ത കമ്മിറ്റി അംഗങ്ങൾക്ക് പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും. വിവാഹത്തിന് ഒരുങ്ങുന്നവർക്ക് ഇത് പ്രയോജനപ്പെടട്ടെ എന്ന് ആശംസക്കുന്നു.

**വി. സിസിലിയായുടെ തിരുനാൾ**

ഗായകസംഘത്തിന്റെ മദ്ധ്യസ്ഥയായ വി. സിസിലിയായുടെ തിരുനാൾ നവംബർ 22-ാം തിയ്യതി ഇടവകയിലെ ഗായകസംഘം സാഘോഷം നടത്തി. കാഴ്ചസമർപ്പണവും, ആഘോഷമായ വിശുദ്ധ കുർബാനയും, നേർച്ചയും ഇടവകയിലെ എല്ലാവർക്കും വിതരണം ചെയ്തു. ഗായകസംഘം ചെയ്യുന്ന ശുശ്രൂഷകൾക്ക് ഏവരും പ്രത്യേകം നന്ദി പ്രാകാശിപ്പിച്ചു.

**കണ്ണീർമുത്ത്**

ഒക്ടോബർ മാസത്തിൽ നമ്മുടെ ഇടവകയിൽ 6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളും ടീച്ചേഴ്സും ചേർന്ന് ഒരുക്കിയ ജപമാലയെക്കുറിച്ച് പ്രതിപാദിച്ച "കണ്ണീർമുത്ത്" എന്ന On-line programme ഏവരുടെയും ഹൃദയങ്ങളെ സ്വാധീനിച്ചു. ഇതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച ടീച്ചേഴ്സിനും, മാതാപിതാക്കൾക്കും ഇതിൽ പങ്കെടുത്ത ഏവർക്കും നന്ദിരേഖപ്പെടുത്തുന്നു. പ. അമ്മ ഏവരെയും അനുഗ്രഹിക്കട്ടെ.

**Prayer Dance & Awards**

രൂപതയിൽ October 2nd നു നടത്തപ്പെട്ട വിശ്വാസ പരിശീലനദിനത്തിൽ നമ്മുടെ catechism കുട്ടികൾ Prayer-Dance നു നേതൃത്വം നൽകി. അന്നേ ദിവസം നമ്മുടെ വിശ്വാസപരിശീലകരായ Mr. C.I. Poulose (40 വർഷം), Mr. John Paul (15 വർഷം) വിശ്വാസപരിശീലനത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന വിവിധ സേവനങ്ങൾക്ക് പ്രത്യേക അവാർഡിനു അർഹരായി. ഏവർക്കും നന്ദിയും അഭിനന്ദനവും.

**കത്തിച്ച മെഴുകുതിരികൾ**

ഒക്ടോബർ 19-ാം തിയ്യതി കേരളത്തിൽ പ്രകൃതി ദുരന്തത്തിലും, ഉരുൾപൊട്ടലിലും ജലപ്രളയത്തിലും മരണപ്പെട്ടുപോയ എല്ലാസഹോദരങ്ങൾക്കുവേണ്ടിയും കുടുംബാംഗങ്ങൾക്കുവേണ്ടിയും പ്രത്യേക പ്രാർത്ഥന നടത്തി. എല്ലാവരും കത്തിച്ച മെഴുകുതിരികൾ കൈയിലേന്തി പ്രത്യേകം പ്രാർത്ഥിച്ചു. തുടർന്നും നമ്മുക്ക് പ്രാർത്ഥിക്കാം. കാലാവസ്ഥ വ്യതിയാന

ങ്ങളോടും, പ്രകൃതിദുരന്തത്തിന്റെമേലും പൊന്നു തമ്പുരാൻ കരുണ ചൊരിയട്ടെ.

## Cleaning Day

നവംബർ 4-ാം തിയ്യതി ദേവാലയത്തിന്റെ സൈഡിലുള്ള സ്ഥലവും, വഴിയും ക്ലീൻ ചെയ്തു. ഇതിനു നേതൃത്വം കൊടുത്തത് SMYM സംഘടനയിലെ കുറച്ച് പേരും, പിതൃവേദി അംഗങ്ങളും കൈക്കാരന്മാരും ആയിരുന്നു. പ്രത്യേകം ഏവർക്കും നന്ദിയും അഭിനന്ദനവും.

## Lourde Voice പരസ്യങ്ങളും, വരിസംഖ്യയും

ലൂർദ്‌വോയസിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ വരിസംഖ്യയും പരസ്യങ്ങളും എല്ലാവരും നൽകി സഹകരിക്കേണ്ടതാണ്. മക്കളുടെ വിവാഹം, ജന്മദിനം, ഓർമ്മദിനം എന്നീദിനങ്ങളിൽ പരസ്യങ്ങൾ തരാനും നമ്മുടെ ഇടവക അതിർത്തിയിലുള്ള സ്ഥാപനങ്ങൾ അവരവരുടെ പരസ്യങ്ങൾ നൽകിയും യൂണിറ്റ് ഭാരവാഹികൾ വരിസംഖ്യ നൽകിയും ഇതിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഇതുവരെയും പരസ്യങ്ങൾ നൽകിയവർക്ക് നന്ദി പ്രകാശിപ്പിക്കുന്നു.

Full Page for One year (6  issues) - 6000/

Half Page for One year (6 issues)- 3000/-

Qutar Page for One year (6 issues - 1500/-

## പ്രവേശക കൂദാശകൾ

1. സെന്റ് പീറ്റർ യൂണിറ്റ് ചിരിയൻകണ്ടത്ത് സെമിൻ+പ്രിയങ്ക മകൻ ഫ്രാൻസ്സിസ്സ് (Mihul Benher.S) ജനനം 12.07.2021, മാമ്മോദീസ 27.09.2021.

2. സെന്റ് ആന്റണി യൂണിറ്റ് പുത്തൻപറമ്പിൽ ലിജോ+ ടാനിയ ലിജോ (പോത്തനൂർ, സെന്റ് ക്ലൊത്തിൽഡാ ഇടവക) മകൻ ജുവാൻ മെക്കിൾ (Juwaan Michael) ജനനം 18.09.2021, മാമ്മോദീസ 21.11.2021.

## വിവാഹിതരായി

1. സെന്റ് അൽഫോൻസ യൂണിറ്റ് പെരുമാടൻ ഫ്രാൻസ്സിസ്സ്+ റോസിമകൾ ഏലിയാമ്മ പ്രിൻസി വടവള്ളി സെന്റ് ആന്റണീസ് ഇടവക വിശ്വാസം+ഷീല മകൻ സ്റ്റീഫൻരാജ് 08.11.2021-ൽ വിവാഹിതരായി.

2. സെന്റ്ജോസഫ് യൂണിറ്റ് തെക്കിനേത്ത് ജോർജ്ജ്+ ത്രേസ്യ റാണി

മകൻ ആന്റണി റോജർ പൊള്ളാച്ചി സുലേശ്വരംപ്പെട്ടി സെന്റ് എലിസബത്ത് ഇടവ കുഴിവേലിൽ ആന്റണി+ റെജീനമകൾ സുജി 15.11.2021 വിവാഹിതരായി.

3. സെന്റ് ആന്റണി യൂണിറ്റ് ചാഴുക്കാരൻ ജോയി+ ജിജി മകൾ ബ്രയനാ ജോയി മാനന്തവാടി രൂപത ഗൂഡലൂർ, വിമലഗിരി സെന്റ് മേരീസ് ഇടവക അറക്കാപറമ്പിൽ റാഫേൽ ജോസഫ്+ കാതറിൻ ബേബി മകൻ ടോജി മോസസ്സ് 15.11.2021 ൽ വിവാഹിതരായി.

4. സെന്റ് തോമസ് യൂണിറ്റ് പുലിക്കോട്ടിൽ വിൽസൺ ഫ്രാൻസ്സിസ്സ്+ ഷാജിമോൾ മകൾ അലക്സാൻഡ്രേ (Alexandra) താമരശ്ശേരി രൂപത പരോപ്പാടി സെന്റ് ആന്റണീസ് ഫൊറോനപള്ളി എടക്കര ഗോജി അഗസ്റ്റ്യൻ+ മേരിക്കുട്ടി മകൻ അഗിൻ G. അഗസ്റ്റ്യൻ 09.10.2021 –ൽ വിവാഹിതരായി.

5. സെന്റ് ജോർജ്ജ് യൂണിറ്റ് ചിറയത്ത് അത്താണിക്കൽ വർഗ്ഗീസ്+ഷീല മകൾ ഷിൻസി വർഗ്ഗീസ് ഈറോഡ് ലൂർദ്ദ് മാതാ ഫൊറോനപള്ളി എടക്കളത്തൂർ അല്ലേശ് + ഷീജ മകൻ അരുൺ അല്ലേശ് 24.10.2021–ൽ വിവാഹിതരായി.

6. സെന്റ് തോമസ് യൂണിറ്റ് നെല്ലിശ്ശേരി ജോൺസൺ+ മേരി മകൾ ജിൻസി തൃശ്ശൂർ അതിരൂപത കോടന്നൂർ സെന്റ് ആന്റണീസ് ഇടവക ചിറയത്ത് ജോസ് + മറിയാമ്മ മകൻ ബിജു 28.11.2021– വിവാഹിതരായി.

**നിത്യതയിലേക്ക്**

1. സെന്റ് ജോർജ്ജ് യൂണിറ്റ് അറക്കൽ പീറ്റർ (74) 28.09.2021 കർത്താവിൽ നിദ്രപ്രാപിച്ചു. ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

2. ഫ്രാൻസ്സിസ്സ് സേവ്യർ യൂണിറ്റ് പുളിയൻതറ റോസമ്മ വർഗ്ഗീസ് (90) 10.10.2021 ൽ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. പരേതയുടെ ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കാം.

3. Banglore: Our Lady of Perpeteal Help Parishner Mr. Charles Vimal (38) കർത്താവിൽ നിദ്രപ്രാപിച്ചു. സെന്റ് ആന്റണി യൂണിറ്റ് Mr. പയ്യപ്പിള്ളി ജോസഫ് വർഗ്ഗീസിന്റെ മരുമകനാണ്. ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കാം.

4. സെന്റ് പീറ്റർ യൂണിറ്റ് തത്രത്തിൽ പൊന്മാണി **ജോജുഡേവിസ്** (45) 23/10.2021 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. തൃശ്ശൂർ അതിരൂപത ലൂർദ്ദ് ബസിലിക്കാ ദേവാലയത്തിൽ അന്ത്യ ഉപചാരകർമ്മം നടത്തി.

**തിരുക്കുടുംബ തിരുന്നാൾ**

ഡിസംബർ 28-ാം തിയ്യതി തിരുക്കുടുംബ തിരുന്നാൾ ആണല്ലോ നമ്മുടെ കുടുംബം കർത്താവിൽ നയിക്കപ്പെടുന്ന കുടുംബമായി തീരാൻ (കൊളോ 3:18-21) നമ്മുക്ക് പ്രാർത്ഥിക്കാം. ഏവർക്കും തിരുകുടുംബതിരുന്നാൾ മംഗ ളങ്ങൾ നേരുന്നു.

**കുഞ്ഞുപ്പൈതങ്ങൾ തിരുന്നാൾ**

ഈശോയെപ്രതി രക്തം ചിന്തിയ ശിശുക്കളുടെ ദിനമാണല്ലോ ഡിസംബർ 28-ാം തിയ്യതി. അന്നെ ദിവസം കുഞ്ഞുങ്ങളെ ദേവാലയത്തിൽ കൊണ്ട് വന്ന് വി. ബലിയിൽ പങ്കെടുപ്പിക്കുക. അനുഗ്രഹം പ്രാപിക്കുക. എല്ലാ കുഞ്ഞുങ്ങൾക്കും ശിശുദിനആശംസ നേരുന്നു.

**ക്രിസ്തുമസ്സ് കേക്കുകൾ**

ക്രിസ്തുമസ്സ് കാലഘട്ടത്തിൽ നമ്മുടെ സ്നേഹവും കരുതലും പരസ്പരം പങ്കുവെയ്ക്കുന്നത് ക്രിസ്തുമസ്സ് കേക്കുകൾ നൽകി കൊണ്ടാണല്ലോ. നമ്മുടെ SMYM സംഘടനക്രിസ്തുമസ്സ് കേക്കുകൾ ഒരുക്കുന്നു എല്ലാവരും ക്രിസ്തുമസ്സ് കേക്കുകൾ പള്ളിയിൽ നിന്ന് തന്നെ വാങ്ങാൻ ശ്രമിക്കു മല്ലോ അവരെ പ്രോത്സാഹിപ്പിക്കാം.

**ക്രിസ്തുമസ്സ് Tree**

ക്രിസ്തുമസ്സ് കാലത്തിൽ മതബോധനവിദ്യാർത്ഥികൾ ഒരുക്കുന്ന ക്രിസ്തുമസ്സ് Tree എല്ലാവരും Coupon വാങ്ങിച്ച് സമ്മാനം നേടാം. CML കുട്ടികളെ പ്രോത്സാഹിപ്പിക്കാം.

**പഴയതിനെമറക്കാം പുതിയത് ആരംഭിക്കാം**

വീണ്ടും ഒരു പുതുവത്സരം വരുകയാണല്ലോ. ഇന്നലകളിലെ നിരാശ, നഷ്ടം, അപമാനം എന്നിവയിൽ ജീവിക്കേണ്ടവർ അല്ല നമ്മൾ. വളർച്ചയെ തടസ്സമാക്കുന്നത് ഇന്നലകളിലെ ഓർമ്മകളാണ്. അത് മറന്ന് ഇന്നിനെ മനോഹരമാക്കാം. നല്ല കാര്യം ചിന്തിക്കാം, ദൈവാനുഗ്രഹത്തോടെ ജീവി ക്കാം, എളിമയോടെ ജീവിക്കാം, ഏവർക്കും പുതുവത്സര ആശംസകൾ.




Under the leadership of 'Pithruvedhi', Gandhipuram, Coimbatore 'Lourdes Matrimonial Ministry' has been started for our Syrian Catholic Malayalam Community, especially for the parishioners of Diocese of Ramanathapuram. 'Lourdes Matrimonial Ministry' aims to find a better life partner for our unmarried men and women and to give advice and counseling for the desired families to move forward their family life with a focus on Christianity.

Contact us for more information and free registration.

**E R George 944 216 1222**
**Paul Mathew 809 838 0558**
**Selvan 948 936 1734**
**Joffy Jose 989 418 7184**

# www.lourdematrimonial.com






www.lourdematrimonial.com


www.lourdematrimonial.com








LOURDES FORANE CHURCH
GANDHIPURAM




LOURDES FORANE CHURCH
GANDHIPURAM


LOURDES FORANE CHURCH
GANDHIPURAM


GANDHIPURAM
Celebrations





## തമിഴകവിശേഷം

★ മുഖ്യമന്ത്രി സ്റ്റാലിൻ ഇന്നു കോയമ്പത്തൂരിൽ

# സീറോ മലബാർ മാട്രിമോണി വെബ്സൈറ്റ് തുടങ്ങി

**കോയമ്പത്തൂർ :** രാമനാഥപുരം രൂപത ഗാന്ധിപുരം ഇടവക പിതൃവേദിയുടെ ആഭിമുഖ്യത്തിൽ മാട്രിമോണി വെബ്സൈറ്റ് ആരംഭിച്ചു.

www. lourdematrimonial.com എന്നതാണ് വെബ്സൈറ്റ് അഡ്രസ്. ഇടവകയിലും രൂപതയിലും വിവാഹപ്രായമായവരെ സഹായിക്കാൻ തികച്ചും സൗജന്യമായിട്ടാണ് രജിസ്ട്രേഷൻ.

ആഗോള സീറോ മലബാർ സഭ അംഗങ്ങളുടെ വിവാഹ പ്രായമായ കുട്ടികളെ സഹായിക്കുകയാണ് ലക്ഷ്യമെന്ന് ഇടവക വികാരിയും രൂപതാ പിതൃവേദി ഡയറക്ടറും രാമനാഥപുരം രൂപതയുടെ ചാൻസലറുമായ ഫാ. തോമസ് കാവുങ്കൽ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

പിതൃവേദി രൂപതാ പ്രസിഡന്റ് ഇ.ആർ ജോർജ് എലവുത്തിങ്കൽ, ഇടവക പിതൃവേദി പ്രസിഡന്റ് കെ.എൽ ജോണി, സെക്രട്ടറി ഇ.ജി ഷാജു, സി.ഡി സെൽവൻ, പോൾ മാത്യു, ജോഫി ചിറ്റിലപ്പിള്ളികുന്നത്ത്, കൈക്കാരന്മാരായ ഷാജു എടക്കളത്തൂർ, പി.കെ. ആന്റണി, സി.ജി. ആന്റണി ഇടവക സഹവികാരി ഫാ. ജീവൻ പുറത്തൂർ, മേരി റാണി കോൺവന്റ് മദർ സുപ്പീരിയർ സിസ്റ്റർ മേരി ആന്റോ എഫ്സിസി എന്നിവർ പങ്കെടുത്തു.



സീറോ മലബാർ മാട്രിമോണി വെബ്സൈറ്റിന്റെ ഉദ്ഘാടനം ഇടവക വികാരിയും രൂപതാ പിതൃവേദി ഡയറക്ടറും രാമനാഥപുരം രൂപതയുടെ ചാൻസലറുമായ ഫാ. തോമസ് കാവുങ്കൽ നിർവഹിക്കുന്നു.

ദീപിക Mon, 22 November 2021 https://epaper.deepika.com/c/64491447



























P. Rommal Antony

# ATR PAINTS

No. 15, Rajaji Nagar, Singanallur,
Coimbatore, Tamil Nadu - 641 005.
Mob. 9944535859
Email:atrpaints@gmail.com

Authorised Distributor & Dealer for :

JOTUN
No. 1 in Quality Paints

Berger

asian paints PPG
Protective Coatings






















# 1st year of Remembrance



# RALPH GOMEZ

## Oliparambil House

23A Kannusamy Street, Sanganur
Rathinapuri (Post), Coimbatore - 641027

**Born: 16.02.1932** **Died: 22.12.2020**

*Sorrowing Family Members & Relatives*



# TREESA SEBASTIAN

**Kaitharath House**

**Born : 08.01.1950** **Died: 12.11.2017**

## 4th Death Anniversary



*The Lord Turn his face towards you and give you peace Number 6:26*

Love You Amma

**Husband: K A Sebastian**
**Son: Varghese K. S Sunil**
**Daughter in Law: Adline Sunil**
**Grand Children : Angel Treesa K V**
**Ashil Sebastian K V**

## 2nd Death Anniversary





# Mrs. Mary Varghese

**W/o Mr. K.M Varghese**
**Kannanaikel House**
St. Joseph Unit Rathinapuri

**Birth : 08.12.1946** **Death : 10.12.2019**

*By Varghese Kannanaikel & Sorrowing Family Members*





## 3rd Death Anniversary

**30.11.2021**

# ROSALI GEORGE

**Chirackal House**

**Born : 11.10.1952 Died : 30.11.2018**

***" I have fought the good fight I have finished the race, I have kept the faith.***

***(2 Timothy 4:7)***

*Sorrowing Family Members*





## 2nd Death Anniversary

# Susamma

**W/o Mr. P.J Francis**

**Pattathuparambil House**


**Born: 16.12.1962 Death: 17.12.2019**

*Sorrowing Family Members*

Son: Prince Antony
D/L : Joshni Prince
Daughter: Princy John
S/L : John Binesh
Grand Children : Anish Joseph, Ann Mary, Susanna

**St. Alphonsa Unit**


Tony Mathew. C
95435 39868
90807 04225
Flat
20%
Off
Specto Craft Opticians
Eye Testing Facility Available Here
108, (Opp) St. Michael's School,
Near Royal Theatre
Big Bizzar Street, Coimbatore - 641 001


BHAARATH TM
Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778
BHAARATH ELECTRICAL INDUSTRY
78, New Scheme Road, P.N. Palayam,
Coimbatore - 641 037

JOSEPH STANISLAUS. J

Mobile : 94437 75050

## WATER PROOF CONSULTANT

TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS






48/641, 7th Street Extension, Gandhipuram, Coimbatore-12

Shaju A George
Director - Business Development
Mob: +91 9003364414

## ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800

E-Mail: shaju@alertsecuritymart.com web: alertsecuritymart.com

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

Joseph CP
9363210497

## SINI
Photo & Videos



5/55, Vimal Nagar, Viswasapuram, cbe-35

N S FRANCO
9843246346

The Health Insurance Specialist

CORONA KAVACH

Upto 5 Lakhs
Covarage in all Hospitals

Valid upto 9.5 Months
from the date of
enrolment

0 to 45 Premium 2243
46 to 65 Premium 2697

## സംഘടനാവാർത്തകൾ

### മാതൃവേദി ന്യൂസ്

### ജപമാല നിർമാണം

ജപമാലമാസമായ ഒക്ടോബറിൽ ഏകദേശം 500 ഓളം "അമ്പത്തിമൂന്നു മണി ജപമാലകൾ" അമ്മമാർ കോർത്തൊരുക്കി പരിശുദ്ധ അമ്മയ്ക്കു സമർപ്പിച്ചു. ഒക്ടോബർ 31-ാം തിയ്യതി നടന്ന അഖണ്ഡജപമാലയ്ക്കു ശേഷം ബഹു. വൈദികർ ജപമാലകൾ വെഞ്ചിരിച്ചു നൽകി. ജപമാല കൾ നിർമ്മിച്ച എല്ലാ അമ്മമാർക്കും നന്ദി പറയുന്നു. അമ്മമാർക്ക് ഇങ്ങനെ ഒരവസരം ഒരുക്കിതന്ന വികാരി ബഹു. തോമസ് അച്ചനും, കൊച്ചച്ചനും, ആനിമേറ്റർ സിസ്റ്ററിനും നന്ദി പറയുന്നു. ഓൺ ലൈനി ലൂടെ ജപമാല കെട്ടുവാൻ പഠിപ്പിച്ചു തന്ന ബഹു. ലോറിറ്റ സിസ്റ്ററിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

### ജപമാല അർപ്പണം

മാതൃവേദിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ - നവംബർ മാസങ്ങളിൽ അനുദിനവും ജപമാലകൾ ചൊല്ലി 50,000 ജപമാലകൾ പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചു. ജപമാലകൾ ചൊല്ലിയ എല്ലാവരെയും പരിശുദ്ധ അമ്മ അനുഗ്രഹിക്കട്ടെ.

### വ്യാഴാഴ്ച പ്രാർത്ഥന

വ്യാഴാഴ്ച തോറും നടത്തിവരുന്ന മദ്ധ്യസ്ഥ പ്രാർത്ഥന രാവിലെ 10.30 മുതൽ 12 മണിവരെ ആയിരിക്കും. മാസത്തിന്റെ അവസാന വ്യാഴാഴ്ച ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ചുള്ള ആരാധന ഉണ്ടായിരിക്കും. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വരുവാൻ എല്ലാ അമ്മമാരും പ്രത്യേകം ശ്രദ്ധി ക്കണേ...

### സിമിത്തേരി ക്ലിനിങ്ങ്

ശുദ്ധീകരണാത്മാക്കളുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 30-ാം തിയ്യതി 2 മണിമുതൽ 5 മണിവരെ മാതൃവേദിയുടെ നേതൃത്വ ത്തിൽ അമ്മമാർ വന്ന് സിമിത്തേരി ക്ലീനിംങ്ങ് ചെയ്തു. ഇതിൽ പങ്കെ ടുത്ത എല്ലാ അമ്മമാർക്കും നന്ദി പറയുന്നു.

**പറുദീസ സന്ദർശനം**

ഒരിക്കലും മറക്കാനാവാത്ത ഓർമകൾ നമ്മുടെ ജീവിതത്തിലേക്കു സമ്മാനിച്ച നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, കല്ലറകൾ വൃത്തിയാക്കുന്നതിനും നവംബർ മാസത്തെ വ്യാഴാഴ്ചകളിൽ സിമിത്തേരിയിലേക്കു നല്ല മനസ്സോടെ കടന്നു വന്ന എല്ലാ മാതൃവേദി അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**ക്രിസ്തുമസ്സ് 2021**

മനുഷ്യഹൃദയങ്ങളിൽ ശാന്തിയും സമാധാനവും വിതറികൊണ്ട് വീണ്ടു മൊരു  ക്രിസ്തുമസ്സ് കാലം കൂടി ആഗതമാകുന്നു. ഈശോയുടെ പങ്കു വയ്ക്കുന്ന മനോഭാവം സ്വന്തമാക്കാനും യാഥാർത്ഥ്യമാക്കുവാനും ഈ കാലഘട്ടങ്ങളിൽ നമുക്കു പരിശ്രമിക്കാം. ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിര ഞ്ഞെടുക്കുന്നത് ഡിസംബർ മാസത്തിലെ മീറ്റിംഗിൽ വച്ച് ആയിരിക്കും. കഴിഞ്ഞ വർഷം ചെയ്തതുപോലെ യൂണിറ്റ് തലത്തിൽ ആണ് ക്രിസ്തു മസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുക്കേണ്ടത്. എല്ലാ അമ്മമാർക്കും ക്രിസ്തു മസ്സ് ആശംസകൾ.

**മിഷൻ ഞായർ**

മിഷൻ ഞായറിനോടനുബന്ധിച്ച് നവംബർ 14-ാം തിയ്യതി യൂണിറ്റ് എക്സിക്യൂട്ടിവ് അംഗങ്ങളുടെ നേതൃത്വത്തിൽ അംഗങ്ങൾ ഒത്തൊരു മിച്ച് ഫുഡ് സ്റ്റാൾ നടത്തി.  മിഷൻ ഞായർ പ്രവർത്തനങ്ങളെല്ലാം വിജയ കരമായി പൂർത്തിയാക്കുവാൻ പരിശ്രമിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. പ്രത്യേകമായി സ്വാദിഷ്ടമായ വിഭവങ്ങൾ തയ്യാറാക്കിയ ബഹു. ആനിമേറ്റർ സിസ്റ്ററിനും, എല്ലാ അമ്മമാർക്കും, വിൽക്കാൻ സഹാ യിച്ചവർക്കും സാമ്പത്തികമായി സഹായം നൽകിയവർക്കും ഒത്തിരി ഒത്തിരി നന്ദി....

**പിതൃവേദി**

Elders Day

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് ഗാന്ധിപുരം പിതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിൽ 60 വയസ്സിനു മുകളിൽ ഏകസ്ഥജീവിതം നയിക്കുന്നവരെയും 70 വയസ്സിനു മുകളിൽ പ്രായ

മുള്ള ദമ്പതികളെയും 'Elders Day' എന്ന സംഗമത്തിലൂടെ ഒക്ടോബർ 24-ാം തിയ്യതി ആദരിച്ചു. ഞായറാഴ്ച രാവിലെ 10.30 ന്റെ വിശുദ്ധ കുർബാനയ്ക്കു മുമ്പായി പ്രായമായവർക്ക് സ്വീകരണവും തുടർന്ന് വികാരി ബഹു. തോമസ് കാവുങ്കലച്ചൻ ദിവ്യബലിയർപ്പിച്ച് വചനസന്ദേശവും നൽകി. ദിവ്യബലിയർപ്പണശേഷം Elders Day കൂട്ടായ്മയ്ക്ക് ചാരുത പകരുവാൻ വിവിധ മത്സരങ്ങളോടുകൂടിയുള്ള അനുമോദനസമ്മേളനത്തിനു ഇടയിൽ നിരവധി പേർ അവരവരുടെ അനുഭവങ്ങളും, പള്ളിയോട് ചേർന്ന് പ്രവർത്തിച്ച ചെറുപ്പകാലത്തെ നല്ല ഓർമ്മകളും പങ്കുവച്ചു. ഭക്ഷണശേഷം സമ്മാനദാനത്തോടുകൂടെ സംഗമം അവസാനിച്ചു. പ്രത്യേക ക്ഷണിതാക്കളായി രാമനാഥപുരം പിതൃവേദി പ്രസിഡന്റ് ശ്രീ. E.R. George ഉം, വൈസ് പ്രസിഡന്റ് ശ്രീ. റെജി ജോസഫ് നരിപ്പാറയും പങ്കെടുത്തിരുന്നു.

Elders Day സംഗമത്തിനു നേതൃത്വം നൽകിയ ബഹു വികാരിയച്ചൻ Rev. Fr. Thomas Kavungal അച്ചനും, കമ്മിറ്റി അംഗങ്ങളായ C.D Jose, C.I Paulose, M.K. Thomas, C.C Prince, P.K. Hinson, P.D. Babu എന്നിവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. Elders Day കൂട്ടായ്മയുടെ വിജയത്തിന് അക്ഷീണം പ്രവർത്തിച്ച മാതൃവേദിയിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു. Elders Day യിൽ പങ്കെടുത്ത 90 ഓളം വരുന്ന ഞങ്ങളുടെ എല്ലാ വഴികാട്ടികൾക്കും, സഹായങ്ങൾ ചെയ്തുതന്ന എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. സർവ്വേശ്വരൻ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ....

## Mission Sunday

മിഷൻ ഞായറിനോടനുബന്ധിച്ച് 14.11.2021 ൽ പിതൃവേദിയുടെ നേതൃത്വത്തിൽ ബിരിയാണി വിതരണം നടത്തുകയുണ്ടായി. കമ്മിറ്റി അംഗങ്ങളോട് ചേർന്ന് സഹകരിച്ച എല്ലാവർക്കും, സ്പോൺസർമാരായ എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

Committee Members - Paul mathew, Antony David, Antony Jacob Johnson Reji

Cooking- Paul Mathew (കൺവീനർ), Antony David, Antony Jacob, Johnson Reji

Packing & Distribution - C.C. Prince, P.K Hinson, V.M. Antony.

## Monthly Prayer

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് മാസത്തിലെ ആദ്യ ബുധനാഴ്ചകളിൽ വൈകീട്ട് നടത്തുന്ന പ്രാർത്ഥനയോഗം ഇതുവരെയും മുടക്കം വരുത്താതെ നടത്തുവാൻ സാധിച്ചു. ഇതിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ഈ പ്രാർത്ഥനയോഗം അടുത്ത വർഷവും തുടരാം എന്ന് General Body തീരുമാനിച്ചു. ഈ പ്രാർത്ഥനസമ്മേളനത്തിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## Lourde Matrimony Ministry

ഗാന്ധിപുരം പിതൃവേദിയുടെ നേതൃത്വത്തിലുള്ള Lourde Matrimony Ministry യുടെ പുതിയതായി തുടങ്ങിയ LourdeMatrimonial.com എന്ന website ൽ നവംബർ 21-ാം തിയ്യതി ഞായറാഴ്ച രാവിലെ 6.15 ന്റെ കുർബാനക്കുശേഷം ബഹു. വികാരി ഫാ. തോമസ് കാവുങ്കൽ ഉദ്ഘാടനം ചെയ്തു. നമ്മുടെ ഇടവകയിലേയും രൂപതയിലേയും വിവാഹപ്രായമായവരെ സാഹയിക്കാൻ തികിച്ചും സൗജന്യമായിട്ടാണ് Matrimonial registration ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ കമ്മിറ്റി അംഗങ്ങൾക്കും അഭിനന്ദനങ്ങളും ഇടവകയുടെ നന്ദിയും രേഖപ്പെടുത്തുന്നു.

# SMYM

## Egrigo 2021

രാമനാഥപുരം രൂപത SMYM ന്റെ നേതൃത്വത്തിൽ Oct 15,16,17 എന്നീ തിയ്യതികളിൽ 'Egrigo 2021' Leadership Training Camp ൽ നമ്മുടെ ഇടവകയിലെ 8 SMYM അംഗങ്ങൾ പങ്കെടുത്തു. തഥാവസരത്തിൽ നടന്ന രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ Ashil Sebastian K.V, രൂപത ജോയിന്റ് സെക്രട്ടറിയായും, Rijo Varghese Sports and Arts leader ആയും, Prince Samuel, Jeffin C.J, Prinson, Aldrin എന്നിവർ Technical Team അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു. ഏവർക്കും അഭിനന്ദനങ്ങൾ.

## Cleaningo... Cleaning

ദീപാവലി ദിനമായിരുന്ന നവംബർ 4 ന് SMYM അംഗങ്ങൾ ചേർന്ന് പള്ളിയുടെ പുതിയ സ്ഥലത്ത് cleaning നടത്തി. കാട്ടുചെടികളും മരങ്ങളും വെട്ടികളയുകയും, പ്ലാസ്റ്റിക് കുപ്പികളും, വേസ്റ്റു സാധനങ്ങളും നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കി. ഞങ്ങളൊടൊപ്പം ചേർന്ന് അന്നേ ദിവസം ഞങ്ങളെ സഹായിച്ച പിതൃവേദിയിലെ അംഗങ്ങൾക്കും നന്ദി പറയുന്നു.

## Mission ഞായർ

മിഷൻ ഞായർ ആയി ആഘോഷിച്ച നവംബർ 14 ന് മിഷനറി പ്രവർത്തനങ്ങൾക്കായുള്ള പണം സ്വരൂപിക്കുന്നതിനായി SMYM അംഗങ്ങൾ ഭക്ഷണ പദാർത്ഥങ്ങളുടെ Stall ഇട്ടിരുന്നു. ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച ഓരോരുത്തർക്കും, Sponsor മാരായവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

## Youth Day... Continue

നവംബർ 28-ാം തിയ്യതി Youth day ആയി ആഘോഷിച്ചു. 8 മണിക്കുള്ള ദിവ്യബലിയർപ്പണത്തിന് യുവജനങ്ങൾ നേതൃത്വം നൽകി. ദിവ്യബലിയർപ്പണശേഷം വിവിധ കലാപരിപാടികളും, Youth day യോട് അനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ സമ്മാനർഹരായവർക്കും, എല്ലാ ദിവസവും മുടക്കം കൂടാതെ ദിവ്യബലിയിൽ പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകി.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ഡിസംബർ 2021**

01. ഇരുപത്തിയഞ്ചു നോമ്പാരംഭം
03. വി. ഫ്രാൻസിസ് സേവ്യർ, ആദ്യവെള്ളി
07. വി. അംബ്രോസ്
08. പരിശുദ്ധകന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ
14. കുരിശിന്റെ വിശുദ്ധ യോഹന്നാൻ
18. മൈലാപ്പൂരിലെ അത്ഭുത സ്ലീവ
25. നമ്മുടെ കർത്താവീശോമിശിഹായുടെ പിറവി തിരുനാൾ (കടമുള്ള ദിവസം)
26. തിരുകുടുംബത്തിന്റെ തിരുനാൾ,വി. എസ്തപ്പാനോസ് (സ്റ്റീഫൻ)
27. വി. യോഹന്നാൻ ശ്ലീഹ
28. കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)
31. വർഷാവസാനം.

## സഭാ വാർത്തകൾ

1. ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാൻ റോമിലെത്തിയ ഇന്ത്യൻ പ്രധാന മന്ത്രി നരേന്ദ്ര മോദി വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. ഭാരതം സന്ദർശിക്കുവാൻ ഫ്രാൻസിസ് പാപ്പയെ പ്രധാനമന്ത്രി പ്രത്യേകം ക്ഷണിച്ചു. അനുയോജ്യമായ തീയതി കണ്ടെത്തിയാൽ അടുത്ത വർഷം പാപ്പ ഭാരത സന്ദർശനം നടത്തിയേക്കും. ഫ്രാൻസിസ് പാപ്പയ്ക്ക് വെള്ളികൊണ്ട് തീർത്ത മെഴുകുതിരി പീഠം, പ്രധാനമന്ത്രി സമ്മാനമായി നൽകിയപ്പോൾ നരേന്ദ്ര മോദിക്ക് ഒലീവിന്റെ ചില്ല പതിച്ച ഒരു വെങ്കല ഫലകമാണ് പാപ്പ നൽകിയത്. ഒലിവിന്റെ ചില്ലയുള്ള ഫലകത്തിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ 'മരുഭൂമി ഫലപുഷ്ടിയുള്ളതാകും' (ഏശയ്യാ 32:15) എന്ന വചനം ആലേഖനം ചെയ്തിട്ടുണ്ട്.

2. പത്രോസിന്റെ പിൻഗാമി ഫ്രാൻസിസ് പാപ്പയും അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും വത്തിക്കാനിൽ കൂടിക്കാഴ്ച നടത്തി. അമേരിക്കയിലെ രണ്ടാമത്തെ കത്തോലിക്കാ പ്രസിഡന്റായ ബൈഡൻ നാലാം തവണയാണു മാർപാപ്പയെ കാണുന്നത്. പ്രസിഡന്റായ ശേഷമുള്ള ആദ്യ കൂടിക്കാഴ്ചയാണെന്നതും ശ്രദ്ധേയമാണ്.

3. തൊണ്ണൂറ്റിയഞ്ചാമത് ലോക മിഷൻ ദിനത്തോട് അനുബന്ധിച്ച് ക്രൈസ്തവ മാധ്യമ മേഖലയിലെ നിറസാന്നിധ്യമായ ഏജൻസിയ ഫിഡസ് ആഗോള വിശ്വാസികളുടെ എണ്ണത്തെ പറ്റിയുള്ള റിപ്പോർട്ട് പുറത്തുവിട്ടു. 134,44,03,000 ആണ് കത്തോലിക്ക വിശ്വാസികളുടെ എണ്ണം. മുൻവർഷത്തെ അപേക്ഷിച്ച് ഒരു കോടി 50 ലക്ഷത്തിന് മുകളിൽ വിശ്വാസികളുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ആകെ 4,14, 336 വൈദികരാണ് ഉള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് 271 വൈദികരുടെ വർധനവാണ് കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

4. ആഗോളതലത്തിൽ ഏറ്റവും വലിയ ഇസ്ലാമിക രാഷ്ട്രമായി കണക്കാക്കപ്പെടുന്ന ഇന്തോനേഷ്യയിൽ ക്രിസ്തു വിശ്വാസത്തെ സധൈര്യം പ്രഘോഷിക്കുവാൻ എട്ടു നവവൈദികർ തിരുപ്പട്ടം സ്വീകരിച്ചു. പാപ്പുവ പ്രവിശ്യയിലെ ടിമിക രൂപതയിലാണ് രണ്ടു ദിവസങ്ങളിലായി വൈദികരുടെയും ഡീക്കൻമാരുടെയും പട്ടസ്വീകരണം നടന്നത്. ബന്ദൂങ്ങിലെ ബിഷപ്പ് അന്റോണിയസ് സുബിയാന്റോ

തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. 1.2 ദശലക്ഷം ജനസംഖ്യയിൽ 1,14,680 കത്തോലിക്ക വിശ്വാസികളാണുള്ളത്.

5. സിസ്റ്റർ മേരി കൊളേത്തയുടെ നാമകരണ നടപടികൾക്ക് ഔദ്യോഗികമായി തുടക്കം കുറിച്ചു. പ്രാർത്ഥനനിർഭരമായ അന്തരീക്ഷത്തിൽ പൂഞ്ഞാർ മണിയംകുന്ന് തിരുഹൃദയ ദേവാലയത്തിൽ പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ കാർമികത്വത്തിൽ നടന്ന സമൂഹബലി മധ്യേ സിസ്റ്റർ മേരി കോളേത്തയെ ദൈവദാസിയായി പ്രഖ്യാപിച്ചു.

6. ആരാധനക്രമം സഭയുടെ അമൂല്യസമ്പത്തും തനിമയുടെ അടയാളവുമാണെന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. സീറോമലബാർ സഭയുടെ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നവീകരിച്ച കുർബാന ക്രമത്തെക്കുറിച്ച് 'ലിത്തൂർജിയ 2021' എന്ന പേരിൽ നടന്ന വെബിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കർദിനാൾ. നവംബർ 7 മുതൽ 10 വരെയായിരുന്നു വെബിനാർ നടന്നത്.

7. യേശു ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി ധീര രക്തസാക്ഷിത്വം വരിച്ച ഭാരതത്തിലെ പ്രഥമ അൽമായ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള ഉൾപ്പെടെ ഏഴു പേരുടെ വിശുദ്ധപദവി പ്രഖ്യാപന തീയതി വത്തിക്കാൻ പ്രഖ്യാപിച്ചു. 2022 മേയ് 15നാണ് വത്തിക്കാനിൽ നടക്കുന്ന പ്രത്യേക ശുശ്രൂഷകൾക്കിടെ ഏഴുപേരെയും പാപ്പ വിശുദ്ധരായി പ്രഖ്യാപിക്കുക.

8. ശ്രീലങ്കയിലെ ഏറ്റവും വലിയ അത്മായ അപ്പസ്തോലേറ്റ് രൂപീകരിച്ചതിന്റെ പേരിൽ പ്രസിദ്ധനാകുകയും രാജ്യത്തെ സമൂഹം സ്നേഹപൂർവ്വം സ്വാമി താത്താ എന്ന് വിളിക്കുകയും ചെയ്തിരുന്ന ഫാ. സിരി ഓസ്കാർ അബേരത്നെ അന്തരിച്ചു. 'കിതുദാന പുബുദുവ' (ക്രിസ്ത്യൻ ജനതയുടെ നവീകരണം) എന്ന സംഘടനക്ക് വേണ്ടി മൂന്നു ദശകത്തോളം തന്റെ ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ഫാ. അബേരത്നെ.

9. ഫ്രാൻസിസ് പാപ്പയുടെ സൈപ്രസ് - ഗ്രീസ് സന്ദർശനം ഡിസംബർ 2-6 വരെ തീയ്തികളിൽ നടക്കും. രണ്ട് മെഡിറ്ററേനിയൻ രാജ്യങ്ങളിലേക്കുള്ള നാല് ദിവസത്തെ യാത്രയിൽ സൈപ്രസിന്റെ തലസ്ഥാനമായ നിക്കോസിയ, ഗ്രീക്ക് തലസ്ഥാനമായ ഏഥൻസ്, ഗ്രീക്ക് ദ്വീപായ ലെസ്

ബോസ് എന്നിവിടങ്ങളിൽ പാപ്പ സന്ദർശനം നടത്തും.

10. വത്തിക്കാൻ സിറ്റി സ്റ്റേറ്റ് ഗവർണറേറ്റിന്റെ സെക്രട്ടറി ജനറലായി സിസ്റ്റർ റാഫേല്ല പെട്രിനിയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ സെക്രട്ടറി ജനറൽ പദവി വഹിക്കുന്ന ആദ്യ വനിതയാണ് സിസ്റ്റർ റാഫേല്ല പെട്രിനി. 2005 മുതൽ ജനതകളുടെ സുവിശേഷ വത്കരണത്തിനായുള്ള കോൺഗ്രിഗേഷനിൽ സേവനം ചെയ്യുകയായിരുന്നു സിസ്റ്റർ റാഫേല്ല. വത്തിക്കാൻ സിറ്റി സ്റ്റേറ്റിൽ മാർപാപ്പയ്ക്ക് പകരം എക്സിക്യൂട്ടീവ് അധികാരം വിനിയോഗിക്കുന്ന ബോഡിയാണ് വത്തിക്കാൻ ഗവർണറേറ്റ്.



Lia
Std IV



# Be the Voice of the Voiceless



Meril Johnson

Society plays a very important role in moulding young minds and in building up character, behaviour and attitude. Today's movies, TV programs, social networking platforms etc. are indeed a reflection of this society.

A movie "Jai Bhim", was released recently, named in memory of the slogan used by followers of Bhimrao Ramji Ambedkar, an Indian scholar, social reformer and the chief architect of the Constitution of India. The meaning of the slogan is "Victory for Bhim", referring to B. R. Ambedkar which was used fondly as a greeting. This story narrates how an ordinary person turns into a hero, when the need arises. He responds to the situation with all the potential he has. Here, the hero shoulders the responsibility of a community, for a social cause.

Inspired by true events that happened in Tamil Nadu in the nineties, the film unfolds the loving story of an upright lawyer coming to the aid of the poor, a group of vulnerable people from a specific community who did not have any means to stand up to the might of inhumanity from the police force. The police, who are entrusted with the duty to protect the rights of people, seek to exploit the helplessness of this defenceless group and audaciously commits acts of atrocity against them.

Looking at this real-life incident from a Christian point of view, it is very true that even at the time of Jesus, the poor and the oppressed had no means to raise their voices against criminalistic approach of authorities. Our Lord Jesus, came into this world as a King, not like a King in authority, but as a King and Saviour for

the entire humanity. He said, "It is not the healthy who need a doctor, but the sick. I have not come to call the righteous, but sinners". We, as Christian youth, are entitled to follow Christ and live his example.

The Holy Bible teaches us everything that a man needs to fulfil, in order to be just. The most fitting example is the "Ten Commandments", which encompasses the morality that every

human is required to have and is applicable even today. In a nutshell, Jesus said "Love the Lord your God with all your heart and with all your soul and with all your mind. This is the first and greatest commandment. And the second is like it: Love your neighbour as yourself." This is the law that a Christian should be committed to follow, throughout his life. With the strength in our body and determination in our soul, along with a heart that cares and loves as Christ does, let us be courageous enough to be the Voice of the Voiceless. In conclusion, let us love each other, with no differences and stand up against injustice and thus, be a "Christ"ian.

# Ente Ponnunikku......

Jotsana S Matthew
Lourdes forane church
Gandhipuram, Coimbatore
641 012

Infant Jesus
Thronos in Heaven
Kingdom of God
6161131110


Jotsna Matthew

Dear Baby Jesus,

Hi, This is Jotsana from Gandhipuram. Hope you are doing well and you have not forgotten me. What are the latest highlights in the heaven? We started getting ready for Christmas. We used to celebrate Christmas with the anticipation of Santa Claus visiting our houses early before Christmas day and distributing chocolates and sharing the messages of peace. From the first of December we started reciting small prayers to create a small pillow and baby bed for you. We decorate our house with bright lightings and traditional decorations. Every house put on an attire of celebration with decorated Christmas trees, jingle bells, light ups and twinkling stars. We used to visit various stalls to purchase new innovative ornaments and masks to decorate the Christmas tree. Every year youth members visit our house by singing Jingle bells and pass the message of the birth of Jesus Christ. On Christmas eve, we wear new attire and attend mid night mass, a depiction of Jesus birth scene along with Christmas carol singing and many other celebrations in the church.

But this year it is very sad as you know, the pandemic corona changed all traditional ways of celebrating Christmas. So, it is not possible to come together in the church as in the past years because there are rules and restrictions to control the spread the rate of covid-19. Because of this situation even we are not able to see our friends. Let me conclude.Say my loving regards to all.

Dear lovely baby Jesus hear our prayers and bring back our golden moments of Christmas days in our life.

# Love = Sacrifice



Ancita A
Std XI

Christmas is here and the story of Jesus' birth comes to our minds again as we celebrate. The same question arises: who is Jesus? Why was he born as one of us when he is considered holy? Even if we joyfully and whole heartedly celebrate Christmas every year, these questions still linger in our minds restlessly, but more prominently during Christmas.

Isaiah 9:6 states, "For to us a child is born, to us a son is given and the government will be on his shoulders. And he will be called the wonderful counsellor, mighty God, the everlasting Father, the prince of peace". Even though many of Isaiah's great prophesies are about Jesus, this verse remains as a remarkable prophesy made about Jesus.

We should all remember and be grateful for Jesus as he had literally saved the whole mankind through his birth. We all humans, inherit a curse through our first parents Adam and Eve. They disobeyed God and sinned, which led to the curse we all had. So, Jesus had to be born because, without a true sacrifice, humanity was doomed. All would die, with no hope. Sacrifice was necessary to convince God after Adam and Eve sinned. To understand, we need to realize the fact that Jesus' sole purpose and destiny in this chaotic, sin-sick was to sacrifice himself for the repentance of the sins of the whole mankind.


He had to pay penalty for our sins through his own death, and then be resurrected to ascend to the Father as our High Priest. He is the only reason why we all exist and are able to pray to God because through his sacrifice God forgave all of us. Every time we celebrate Christmas, we should remember the great sacrifice this baby Jesus did for us and be thankful to him. The values that he taught us, his commandments, and his teachings were all a sign of his love for us.

Jesus' love is such as more than a mother's love. This love should be mirrored by

us to all the fellow beings in this world. Jesus taught us how to love, how to share and how to be. We should all follow his virtues and take him as our role model. Every Christmas our church teaches us to share things with our friends, help the poor and do charitable works in honour of welcoming the baby Jesus and making him happy. However, Christmas is not the only period of time to work out these things.

Jesus sacrificed his whole life for us and he was always happy. So, we could do the same right? Even if we cannot sacrifice our lives like Jesus did, we could still be loving and kind to others, helping them, just like Jesus did. We can surely do that. So, this Christmas, let us all remember the sacrifices Jesus did for us and thank him ardently. Let us follow the good virtues that he taught us and continue to pray to him. Let us all joyfully welcome baby Jesus in our hearts and make him happy by our deeds.

Merry Christmas to all......







Riya Alosious
Std IX

Christmas is a celebration, commemorating the birth of Jesus Christ. It is an annual Christian festival celebrated all over the world. The New Testament says that Jesus was born in Bethlehem, in accordance with Messianic Prophecies. When Joseph and Mary arrived in the city, the inn had no room and so they were offered a stable where the baby Jesus was born, and the angels proclaimed this news to shepherds who then spread to the world. The nativity of Christmas is the depiction of the birth of Jesus, is celebrated all over the world by making various creative cribs and sending greeting cards. Christmas celebrations last for twelve days known as 'Twelvetide', which celebrates the nativity of Jesus from 25th December to 6th January. 24th December is the Christmas Eve and has many customs and traditions, on that day people participate in the midnight solemn Holy Mass and Services held in the Church. The ever-green fir tree, like a Christmas tree, looks beautiful when decorated with ornaments, tinsels, gifts on the day. People sing carols, enjoy delicacies, exchanges gifts, decorate their homes and remember the birth of Jesus, who had saved the people from their sins and sorrows. Many people do not know the preceding events and only focus on the main festival. We observe 25 days of fasting and penance in order to receive Jesus Christ into our hearts. Christmas should not be used only to have fun. Christmas is one of the most important as well as popular festival celebrated throughout the world. Christians wear new clothes, and attend special prayers in the church on the Christmas day. People celebrate Christmas with great enthusiasm and lots of preparations and decorations. It is the day of great significance for the Christians.



# The Three Magi



L. Monica
Std IX

Many Christian carols makes mention of the three kings, who follow a star and come to pay homage to the baby Jesus in Bethlehem. In the Bible they are not called kings, but 'wise men from the east.' The New Testament does not give the names of Magi. However, traditions and Christian scholars identify then and are commonly known as Gaspar, Balthazar and Melchior. According to the church traditions, Balthazar is often represented as a king of Arabia, Melchior as a king of Persia, and Gasper as a king of India. The gift offered to Christ was Gold, Frankincense Oil and the resin of Myrrh. The gifts are symbolic of Jesus' importance. The gold symbolizes His royal standing – kinship on earth, frankincense represents His Divine Birth – deity, and the myrrh represents His Mortality – death. Western Christianity celebrates the day of magi on Jan 6th – on the day of Epiphany also known as the three Kings Day, the day immediately following the twelve days of Christmas. In many western countries children receives gifts on January 6th which is called as Dia de Reyes, and is traditionally the day in which Magi visited the baby Jesus. The three king's day also goes by the names little Christmas, Denaha, and Theophany. In eastern churches Jan 6th is celebrated as' pindikuthi perunal' or 'rakkuli perunal'.

# അമ്മ കുടുംബത്തിന്റെ വിളക്ക്


Mrs. Elsy Johnson

കുടുംബം ഒരു ദേവാലയമാണ്; സെമിനാരിയാണ്; കലാശാലയാണ്; സ്വർഗ്ഗമാണ്; എന്നൊക്കെ നമ്മുടെ വേദപുസ്തകവും സഭയുടെ പ്രബോധനങ്ങളും അംഗീകരിക്കുന്നു, ഉദ്ഘോഷിക്കുന്നു. കുടുംബത്തെ സ്വർഗ്ഗമാക്കുന്നതും അതിനെ നരകമാക്കുന്നതും കുടുംബാംഗങ്ങൾ തന്നെയാണ്. എല്ലാ നന്മയും, എല്ലാ തിന്മയും കുടുംബത്തിലാണ് വേരൂന്നി നാമ്പെടുത്ത് വളരുന്നത്. കുടുംബം സമാധാനത്തിന്റേയും, സന്തോഷത്തിന്റേയും, സംതൃപ്തിയുടേയും, പരസ്പര സ്നേഹ ബഹുമാനങ്ങളുടേയും, പ്രോത്സാഹനങ്ങളുടേയും വേദിയാക്കി സംരക്ഷിക്കുവാൻ കുടുംബാംഗങ്ങൾ പ്രത്യേകിച്ച് ആ ഭവനത്തിലെ അമ്മ ജാഗ്രത പുലർത്തണം.

മക്കളുടെ കാര്യത്തിൽ അമ്മമാർ പ്രത്യേകം ശ്രദ്ധ പതിക്കുകയും, ഭക്ഷണം, പ്രാർത്ഥന, വിനോദം, തുടങ്ങിയവക്ക് കൃത്യമായി സമയം നിശ്ചയിക്കുകയും, കുടുംബാംഗങ്ങളെ ഒന്നിച്ച് പ്രാർത്ഥനയിൽ പങ്കെടുപ്പിക്കുകയും ചെയ്യുവാൻ ശ്രദ്ധ ചെലുത്തണം. ജപമാല സന്ധ്യാ പ്രാർത്ഥന എല്ലാ ദിവസവും മുടക്കം കൂടാതെ ഭക്തിപൂർവ്വം ചൊല്ലണം.

ഇപ്പോഴത്തെ മാതാപിതാക്കളും ഈ മാതൃക പിൻതുടരേണ്ടതാണ്. ചെറുപ്പം മുതൽ കുട്ടികളെ ദേവാലയത്തിൽ കൊണ്ടുപോവുകയും, പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും ദൈവിക കാര്യങ്ങൾക്ക് മറ്റെന്തിനേക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കാൻ അവരെ പരിശീലിപ്പിക്കുകയും, വചനം പഠിപ്പിക്കുകയും ചെയ്താൽ വരും തലമുറയെ ഓർത്ത് ദുഃഖിക്കേണ്ടിവരികയില്ല. വി. ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാതെ (മാർക്കോ 12:24) കുട്ടികൾ വളർന്നാൽ അവർക്ക് തെറ്റു പറ്റും എന്ന് വചനം ഓർമ്മപ്പെടുത്തുന്നു.

യേശുനാഥൻ ദൈവവചനം പഠിക്കുകയും, അതനുസരിച്ച് ജീവിക്കുകയും ചെയ്തിരുന്നു. സങ്കീർത്തനഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള യേശുവിന്റെ പ്രാർത്ഥനകൾ തന്നെ ഇതിന് ഉദാഹരണങ്ങളാണെന്ന് മക്കളെ ബോദ്ധ്യപ്പെടുത്തുക. ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക, വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല (സുഭാ 22:6)


ആണ്ടുതോറും പെസഹാതിരുനാളിന് യേശുവിനേയും കൂട്ടി ജറുസലേമിലേക്ക് തിരുനാളിനു പോയി എന്നെഴുതിയിരിക്കുന്നു. ലൂക്കാ 2-41,42 ചെറുപ്പം മുതൽ പിതാവിന്റെ കാര്യങ്ങളിൽ മകനെവ്യാപൃതനാക്കുവാൻ യൗസേപിതാവും പരിശുദ്ധ അമ്മയും ശ്രദ്ധിച്ചിരുന്നു.

കുടംബങ്ങളിൽ നിന്ന് ദൈവവിളി ഉണ്ടാകുവാനും അല്മായ പ്രേഷിതരുണ്ടാകുവാനും പ്രത്യേകം പ്രാർത്ഥനയും, ശ്രദ്ധയും, താൽപര്യവും, പ്രേരണയും, അമ്മമാരിൽ നിന്നും, കുടുംബാംഗങ്ങളിൽ നിന്നും ഉണ്ടാകണം. വിവാഹ ജീവിതത്തിന് താത്പര്യപ്പെടുന്ന മക്കൾ, മാതാപിതാക്കളുടെ അറിവോടും, സമ്മതത്തോടും കൂടെ വിവാഹ ബന്ധത്തിൽ ഏർപ്പെടുക, നല്ല കത്തോലിക്കാ കുടുംബത്തിൽ നിന്ന് ദൈവവിശ്വാസവും, ദൈവാശ്രയത്വമുള്ള ജീവിത പങ്കാളിയെ ലഭിക്കുവാൻ പ്രാർത്ഥിക്കുക, നമുക്കിഷ്ടമുള്ള വ്യക്തിയല്ല; ഈശോക്ക് ഇഷ്ടമുള്ള, ഈശോ ഒരുക്കുന്ന വ്യക്തിയെ ജീവിത പങ്കാളിയായി കിട്ടാൻ തീക്ഷ്ണതയോടെ പ്രാർത്ഥിക്കാൻ വിവാഹ പ്രായമാകുമ്പോൾ മക്കളെ അമ്മമാർ ഉപദേശിക്കണം.

കുട്ടികളോട് സ്നേഹിതരെപ്പോലെയും, മാതാപിതാക്കൾ ഇടപ്പെടണം. സൽപ്രവൃത്തികൾ ചെയ്യേണ്ടവിധം മാതൃകവഴി കുട്ടികൾക്ക് കാണിച്ചുകൊടുക്കണം. അവരുടെ പ്രവർത്തനപുരോഗതിയിൽ താത്പര്യവും ശ്രദ്ധയും കാണിക്കണം. ഇതിനായി അദ്ധ്യാപകരേയും, സഭാധി

കാരികളേയും സന്ദർശിക്കണം നല്ല പ്രവൃത്തികൾക്ക് പ്രോത്സാഹനം കൊടുക്കുകയും തിന്മ ചെയ്യുമ്പോൾ ശാസിക്കുകയും, ശിക്ഷിക്കുകയും വേണം.

അങ്ങിനെ കുടുംബങ്ങൾക്കുവേണ്ടി വി. യൗസേപിതാവിനോടും, പരി. അമ്മയോടും മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് പ്രാർത്ഥിച്ച്, ദൈവ വിശ്വാസത്തിലും, വിശുദ്ധിയിലും ഞങ്ങൾ വളരുവാൻ, സ്നേഹത്തിലും, ഐക്യത്തിലും നിലനില്ക്കുവാനും, ഞങ്ങളെ സഹായിക്കണമെന്നും, ജീവിത ക്ലേശങ്ങളെ അതിജീവിക്കാനുള്ള ശക്തിയും, മനസ്സിനും, ശരീരത്തിനും, ആരോഗ്യവും പ്രദാനം ചെയ്യണമേയെന്നും, അനുദിനം ദൈവതിരുമനസ്സുമാത്രം



അന്വേഷിക്കുവാനും ഉള്ളതുകൊണ്ട് സംതൃപ്തിയോടെ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമെ. അതിനായി നമ്മുടെ ഈശോനാഥനോട് പരിശുദ്ധാത്മാവിനെനൽകി ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

# വേദപാരംഗതനായ വിശുദ്ധ അംബ്രോസ്





P.Jees Maria
Std X

AD.333 ൽ ട്രയറിലുള്ള ഒരു റോമൻ പ്രഭു കുടുംബത്തിലാണ് അംബ്രോസ് ജനിച്ചത്. വിശുദ്ധന്റെ പിതാവിന്റെ മരണത്തിന് ശേഷം, അദ്ദേഹം റോമിലേക്ക് പോയി. അധികം താമസിയാതെ അദ്ദേഹം അവിടുത്തെ സ്ഥാനപതിയായി നിയമിതനാവുകയും മിലാനിൽ താമസം ഉറപ്പിക്കുകയും ചെയ്തു. മെത്രാൻ തിരഞ്ഞെടുപ്പിനെചൊല്ലി നാസ്ഥികരും, കത്തോലിക്കരും തമ്മിലുള്ള ഒരു തർക്കം പരിഹരിക്കുന്നതിനിടക്ക് വിശ്വാസസ്ഥിരീകരണത്തിനായി തയ്യാറെടുത്തുകൊണ്ടിരുന്ന അദ്ദേഹം സന്ദർഭവശാൽ നാലാം നൂറ്റാണ്ടിൽ അദ്ദേഹം മിലാനിലെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു.

ഇതേ തുടർന്ന് അദ്ദേഹം പൂർണ്ണമനസ്സോടു കൂടി ദൈവശാസ്ത്രപഠനത്തിനായി ഉത്സാഹിച്ചു. കൂടാതെ തന്റെ സമ്പാദ്യമെല്ലാം പാവങ്ങൾക്ക് വീതിച്ചു നൽകുകയും ചെയ്തു. വളരെ ഉത്സാഹിയായ ഒരു മതബോധകൻ ആയിരുന്നു അംബ്രോസ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മുഖാന്തിരം വിശുദ്ധ അഗസ്റ്റിൻ കത്തോലിക്ക വിശ്വാസം സ്വീകരിക്കുകയും മാമ്മോദീസ മുങ്ങുകയും ചെയ്തു.

നിർമ്മലനും ഭയരഹിതനുമായ വി. അംബ്രോസ് എതിരാളികളുടെ ശക്തിയെ വകവെക്കാതെ ഗ്രാഷിയൻ ചക്രവർത്തിയുടെ ഘാതകനായ

മാക്സിമസിനോട് തന്റെ പ്രവർത്തിയിൽ പശ്ചാത്തപിക്കുവാനും, അനുതപിക്കുവാനും ആവശ്യപ്പെട്ടു. എന്നാൽ മാക്സിമസ് ഈ ആവശ്യം നിരാകരിച്ചതിനെതുടർന്ന് അംബ്രോസ് മാക്സിമസിനെസഭയിൽ നിന്ന് പുറത്താക്കി. തെസലോനികക്കാരെ  കൂട്ടക്കുരുതി നടത്തി എന്ന കാരണത്താൽ അദ്ദേഹം പിന്നീട് തിയോഡോസിയൂസ് ചക്രവർത്തിയേയും ദേവാലയത്തിൽ പ്രവേശിക്കുന്നതിൽ നിന്നും വിലക്കി.

ചക്രവർത്തിയുടെ പാപത്തെ ദാവീദ് രാജാവിന്റെ വഞ്ചനയോട് ഉപമിച്ചുകൊണ്ട് വിശുദ്ധൻ തിയോഡോസിയൂസ് ചക്രവർത്തിയോട് പറഞ്ഞു. “നീ പാപത്തിന്റെ കാര്യത്തിൽ ദാവീദ് രാജാവിനെ പിൻതുടർന്നിരിക്കുന്നു. അതിനാൽ അനുതാപത്തിന്റെ കാര്യത്തിലും അദ്ദേഹത്തെത്തന്നെ മാതൃകയാക്കൂ” ഇത് കേട്ട മാത്രയിൽ തന്നെ തിയോഡോസിയൂസ് ചക്രവർത്തി വളരെ വിനീതനായി, താൻ ചെയ്ത പാപങ്ങളെ ഓർത്ത് തനിക്ക് വിധിച്ച അനുതാപ പ്രവർത്തികൾ നിർവ്വഹിച്ചു.

മത പ്രബോധകൻ, ദൈവസ്തുതി ഗീതങ്ങൾ ചിട്ടപ്പെടുത്തുന്ന ഗാനരചയിതാവ് എന്നീ നിലകളിലും നമുക്ക് പലപ്പോഴും ഈ വിശുദ്ധനെകാണാവുന്നതാണ്. രത്നങ്ങളെപ്പോലെ അമൂല്യമായ പതിനാലോളം ഭക്തി ഗീതങ്ങൾ വിശുദ്ധന്റേതായിട്ടുണ്ട്. പൂർണ്ണമായ മതവിശ്വാസത്തിലും ആരാധനയിലും അടിയുറച്ച ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. അതിനാൽത്തന്നെ അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളെല്ലാം തന്നെ പുരാതനക്രിസ്തീയ ആരാധനാ രീതികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട മഹത്തായ രചനകൾ ആയിരുന്നു. തിരുസഭയിലെ നാല് ലാറ്റിൻ വേദപാരംഗതൻമാരിൽ ഒരാളായാണ് വിശുദ്ധ അംബ്രോസിനെകണക്കാക്കുന്നത്.

AD 397 ഏപ്രിൽ 4-ാം തിയ്യതി മിലാനിൽ വച്ചാണ് വി. അംബ്രോസ് ഇഹലോകവാസം വെടിഞ്ഞത്. കത്തോലിക്ക, പൗരസ്ഥ്യ ഓർത്തഡോക്സ്, ലൂഥറൻ തുടങ്ങിയ സഭകളിൽ വി. അംബ്രോസിനെവണങ്ങിവരുന്നു. അദ്ദേഹത്തിന്റെ ഭൗതീക ശരീരം അടക്കം ചെയ്തിരിക്കുന്ന മിലാനിലെ സെന്റ് അംബ്രോജിയോ ബസിലിക്കയാണ് പ്രധാനതീർത്ഥാടനകേന്ദ്രം. തിരുസഭയിൽ ഡിസംബർ 7-ാം തിയ്യതി വി. അംബ്രോസിന്റെ ഓർമ്മ തിരുനാളായി ആചരിച്ചു വരുന്നു.

# പിതൃഹൃദയം



ശ്രീമതി. അന്ന സണ്ണി

അമലോത്ഭവത്തിരുനാൾ ദിനം, വി.യൗസേപ്പിതാവിനെ ആഗോള സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വർഷം പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. വി യൗസേപ്പിതാവിന്റെ വർഷാചരണത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിച്ച അപ്പസ്തോലിക ലേഖനമാണ്, പാത്രിസ് കോർദ്ദെ- അഥവാ പിതാവിന്റെ ഹൃദയം എന്നത്. ദൈവപുത്രനായ യേശു ദൈവത്തെയും തന്റെ വളർത്തുപിതാവിനെയും 'പിതാവേ' എന്നു തന്നെയാണ് വിളിക്കുന്നതെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ദൈവത്തിന്റെ തിരുവുള്ളം നിറവേറ്റുവാനും ഭരമേൽപ്പിച്ച ദൗത്യം പൂർത്തിയാക്കുവാനും സാധിക്കുന്ന ഒരാളെത്തന്നെയാണ് ദൈവപുത്രന്റെ വളർത്തുപിതാവാകാൻ ദൈവം മാലാഖവഴി തിരഞ്ഞെടുത്തത്. മറിയവുമായി വിവാഹ നിശ്ചയം കഴിഞ്ഞിരുന്ന സാധാരണക്കാരനായ മരപ്പണിക്കാരനായിരുന്നു വി. യൗസേപ്പ്. നാലു സ്വപ്നങ്ങളിലൂടെ ദൈവഹിതം നിവർത്തിക്കാൻ സദാ സന്നദ്ധനായിരുന്നു വി.യൗസേപ്പ്. മാലാഖ കൽപ്പിച്ചതുപോലെ അവൻ പ്രവർത്തിച്ചു (മത്തായി 1-24)

**തിരുക്കുടുംബം**

യേശു ജനിച്ചതിനു നാൽപതുനാളുകൾക്കുശേഷം ദേവാലയത്തിൽ സമർപ്പണസമയത്ത് ശിമയോന്റെ പ്രവചനം ശ്രവിക്കുന്ന യൗസേപ്പ്, ഹേറോദോസിൽ നിന്ന് യേശുവിനെ രക്ഷിക്കാൻ ഈജിപ്തിലേക്ക് കുടിയേറ്റക്കാരനായി വന്ന് താമസിച്ചു. സ്വന്തം നഗരമായ ബെത്ലഹെമിൽ നിന്നും വളരെദൂരെ ഗലീലിയിലെ നസ്രത്ത് എന്ന ഗ്രാമത്തിൽ കുടുംബത്തോടെ താമസിക്കുന്ന പിതാവിനെവചനം നമുക്ക് കാണിച്ചു തരുന്നുണ്ട്. ജറുസേമിലേക്കുള്ള യാത്രയിൽ കാണാതായ മകനെമറിയത്തോടൊപ്പം ഉത്ക്കണ്ഠയോടുകൂടി തേടുന്ന പിതാവ്.

**സർവ്വഗുണനായ പിതാവ്**

വ്യവസ്ഥകളില്ലാതെ മറിയത്തെയും യേശുവിനെയും സ്വജീവിതത്തിൽ ചേർക്കുന്ന പിതാവായി നാം കാണുന്നുണ്ട്. സ്ത്രീകൾക്കും കുട്ടി

കൾക്കും നേരെ ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ പെരുകുന്ന ഇന്നത്തെ സാഹചര്യത്തിൽ വി. യൗസേപ്പിതാവിന്റെ ഹൃദയനൈർമല്യവും ശ്രേഷ്ഠതയും നമുക്ക് മാതൃകയാക്കാവുന്നതാണ്. മറിയത്തിന്റെ ജീവിതത്തെയും അന്തസ്സിനെയും കാത്തുസൂക്ഷിക്കുന്നതിനു ദൈവം തിരഞ്ഞെടുത്തത് യൗസേപ്പിതാവിന്റെ ആദരണീയവും ആർദ്രതയുമുള്ള ഹൃദയത്തെ കണ്ടുകൊണ്ടാണ്. മാലാഖ വെളിപ്പെടുത്തിയ യേശു എന്ന നാമം ശിശുവിനു നൽകാൻ ധൈര്യം കാണിച്ച പിതാവാണ് വി. യൗസേപ്പ്.

**ചരിത്രം**

രക്ഷാകരചരിത്രത്തിൽ നോക്കുമ്പോൾ 1870 ഡിസംബർ 8-ാം തിയ്യതി 9-ാം പിയൂസ് പാപ്പായാണ് വി. യൗസേപ്പിനെകത്തോലിക്ക സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചത്. 12-ാം പിയൂസ് പാപ്പാ അദ്ദേഹത്തെ തൊഴിലാളികളുടെ മധ്യസ്ഥനായി നിർദ്ദേശിച്ചു. വി. ജോൺപോൾ 2-ാമൻ അദ്ദേഹത്തെ രക്ഷകന്റെ സംരക്ഷകനായി വിശേഷിപ്പിച്ചു. ഭാഗ്യമരണത്തിന്റെ മദ്ധ്യസ്ഥനായി സഭ വി. യൗസേപ്പിനെആദരിക്കുന്നു. മാർച്ച് മാസം വി. യോസേപ്പിന്റെ വണക്കത്തിന്റെ മാസമായി സഭ ആചരിക്കുന്നു. കൂടാതെ എല്ലാ ബുധനാഴ്ചകളും വി. യൗസേപ്പിതാവിന്റെ പ്രാർത്ഥന നടത്തിപ്പോരുന്നു. ക്രൈസ്തവ ജനത വി. യൗസേപ്പിതാവിനെ ഒരു പിതാവായി തന്നെയാണ് വണങ്ങുന്നത്. അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള ദേവാലയങ്ങളും മതസ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും ഇതിന് തെളിവാണ്.

**അപ്പസ്തോലിക ലേഖനത്തിലൂടെ**

യൗസേപ്പിതാവിന്റെ സവിശേഷഗുണങ്ങളെപ്പറ്റി ഫ്രാൻസിസ് പാപ്പ ഈ ലേഖനത്തിലൂടെ ക്രിസ്തീയ സഭയെ ഉദ്ബോധിപ്പിക്കുന്നു. സ്വർഗ്ഗീയ പിതാവിന്റെ നിഴലായിട്ടാണ് വി. യൗസേപ്പിതാവ് ഈ ഭൂമിയിൽ ജീവിച്ചതെന്ന് ലേഖനം വരച്ചു കാണിക്കുന്നു. ദൈവപിതാവിന്റെ മുമ്പിൽ വിശ്വസ്തനായ ഒരാളെന്ന നിലയിൽ യൗസേപ്പിതാവിനെവളരെധികം ആത്മീയ കൃപകൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു.


തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ് തന്റെ മാതൃക നൽകികൊണ്ട് സ്വർഗ്ഗീയ മഹത്വത്തിന് നാം എങ്ങനെപങ്കാളികളാകാം എന്ന് നമുക്ക് ബോധ്യം നൽകുന്നു. ഒരു കുഞ്ഞിന് ജന്മം കൊടുക്കുന്നതുകൊണ്ടു മാത്രം ആരും പിതാവാകുന്നില്ലെന്നും വളർച്ചയിലും രൂപീകരണത്തിലും പൂർണമായ ഉത്തരവാദിത്വങ്ങളും സഹനങ്ങളും ഏറ്റെടുത്തു കൊണ്ട് ദൈവമക്കളുടെ സാദൃശ്യത്തിലേക്ക് വളർച്ചയുടെ

വിവിധ ഘട്ടങ്ങളിൽ താങ്ങും തണലുമായി നിലകൊള്ളുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ പിതാവാകുന്നതെന്ന് നമുക്ക് ബോധ്യം നൽകുന്ന പിതാവാണ് വി. യൗസേപ്പ്. മനുഷ്യരക്ഷക്കുവേണ്ടി തന്റെ ഏകജാതനെനൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവപിതാവിന്റെ അനുകമ്പയും സ്നേഹവും കരുതലും നമുക്ക് കാണാം.

**സംഗ്രഹം**

വിശുദ്ധന്മാരുടെ ദൗത്യം അനുഗ്രഹങ്ങളും അത്ഭുതങ്ങളും നേടിത്തരുക മാത്രമല്ല, നമുക്കായി മധ്യസ്ഥ്യം വഹിക്കുക എന്നതും കൂടിയാണ്. രക്ഷാകര ചരിത്രത്തിന്റെ നിഴലിൽ നിൽക്കുകയും കാണപ്പെടുകയും ചെയ്യാത്തവനുപ്പോലും ദൈവിക ജീവനിൽ തുല്യ പങ്കാളിത്തമുണ്ടെന്ന് വി യൗസേപ്പിന്റെ വർഷത്തിൽ അനുസ്മരിപ്പിക്കുന്നു. യൗസേപ്പിതാവിനായി നീക്കിവയ്ക്കപ്പെട്ട ഈ വർഷത്തിൽ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്നവർക്ക് ദണ്ഡവിമോചനം സഭ പ്രഖ്യാപിച്ചിട്ടുണ്ട്. സഭ കല്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ നമുക്ക് ദണ്ഡവിമോചനം പ്രാപിക്കാം. മഹാമാരിയുടെ ഈ കാലഘട്ടത്തിൽ നാം അനുഭവിക്കുന്ന പ്രതിസന്ധിയുടെ ഘട്ടത്തിൽ അവഗണിക്കപ്പെടുന്ന സാധാരണ ജനങ്ങളുമായി ഇഴുകിചേർന്ന് ജീവിക്കാൻ ദൈവഹിതത്തിൽ വേരൂന്നിയ വിശ്വസ്തയും കരുണയും അലിവും അനുകമ്പയും നമുക്ക് വി. യൗസേപ്പിതാവിനോട് ചേർന്ന് പരിശീലിക്കാം. നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും വി. യൗസേപ്പിതാവിന്റെ പ്രത്യേക സംരക്ഷണത്തിനായി ഭരമേൽപിക്കാം. യൗസേപ്പിതാവിന്റെ ഭക്തിയിലും വണക്കത്തിലും നമ്മെ നവീകരിക്കാം.

# വിശ്വാസ പരിശീലനത്തിലെ പിന്നിട്ട നാൾവഴികൾ



സി.ഐ പൗലോസ്
വിശ്വാസപരിശീലകൻ

(വിശ്വാസ പരിശീലനരംഗത്ത് നീണ്ട 40 വർഷങ്ങൾ സേവനം അനുഷ്ഠിച്ച C.I Poulose Sir തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.)

കുഞ്ഞുങ്ങൾക്ക് യേശുവിനെ പരിചയപ്പെടുത്തുക ദൈവ വിശ്വാസത്തിൽ വളരുവാൻ അവരെ പഠിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ചെയ്യുക, അങ്ങനെ ക്രിസ്തുവിന്റെ ശരീരമാകുന്ന തിരുസഭയെ പടുത്തുയർത്തുക, ഇവയാണ് വിശ്വാസ പരിശീലനം കൊണ്ട് ലക്ഷ്യമാക്കുന്നത്. ക്രിസ്തു രഹസ്യത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലുവാനും, തങ്ങൾ ജീവിക്കുന്ന ഈ ലോകത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും, വിശുദ്ധ കുർബാനയിലും കൂദാശകളിലും സജീവമായി പങ്കെടുത്ത് പ്രസാദവരത്താൽ വിശുദ്ധീകരിക്കപ്പെടുവാനും, ക്രിസ്തീയ ചൈതന്യത്തിൽ വളരുവാനും വിശ്വാസ പരിശീലനം സഹായിക്കുന്നു.

മാതാപിതാക്കളാണ് കുഞ്ഞുങ്ങളുടെ പ്രഥമ വിശ്വാസ പരിശീലകർ. കുടുംബത്തിൽ നിന്നാണ് വിശ്വാസപരിശീലനം ആദ്യം ആരംഭിക്കേണ്ടത്. ഇക്കാര്യത്തിൽ മാതാപിതാക്കളുടെ ഉത്തരവാദിത്വം വളരെ വലുതാണ്. വി. കുർബ്ബാനയിൽ സജീവമായി പങ്കെടുക്കുക, മുടക്കം കൂടാതെ കൂദാശകൾ സ്വീകരിക്കുക, കുടുംബ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുക, ദിവസവും കുറച്ച് നേരം  വിശുദ്ധ ഗ്രന്ഥം വായിക്കുക, കുഞ്ഞുങ്ങളെ സമർപ്പിച്ച്  അല്പനേരം പ്രാർത്ഥിക്കുക ഒരിക്കലും ദുശ്ശീലങ്ങൾക്ക് അടിമപ്പെടാതിരിക്കുക. അങ്ങനെ മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് മാതൃകയായിരിക്കണം. കുഞ്ഞുങ്ങളെ മുടങ്ങാതെ വിശുദ്ധ കുർബ്ബാനയ്ക്കും, വിശ്വാസപരിശീലനത്തിനും അയക്കണം. അവർക്കാവശ്യമായ ആത്മീയ പുസ്തകങ്ങൾ വാങ്ങി കൊടുക്കണം. ഭക്ത സംഘടനകളിൽ പ്രവർത്തിക്കുവാൻ അനുവദിക്കണം. അമിതമായ സുഖസൗകര്യങ്ങളോ, പരിപാലനയോ കുഞ്ഞുങ്ങൾക്ക്  കൊടുക്കരുത്. ജീവിതത്തിലെ പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും കുറച്ചൊക്കെ കുഞ്ഞുങ്ങൾ മനസ്സിലാക്കണം. അങ്ങനെ ചെറുപ്പത്തിൽ കിട്ടുന്ന ഈ പരിശീലനം ഭാവിയിൽ നല്ല മക്കളായി വളരുവാൻ അവരെ സഹായിക്കും.

മാതാപിതാക്കൾ കഴിഞ്ഞാൽ, അടുത്ത ഉത്തരവാദിത്വം വിശ്വാസപരി

ശീലകർക്കാണ്. വിശ്വാസപരിശീലകരായിരിക്കുക എന്നത് ഒരു ദൈവ വിളിയാണ്. ഒരിക്കലും വിശ്വാസപരിശീലനം ഒരു Profession ആയി കരുതരുത്. തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന കുട്ടികളുടെ കാര്യത്തിൽ വിശ്വാസ പരിശീലകർ ശ്രദ്ധാലുകളായിരിക്കണം. ആഴ്ചയിൽ കുറച്ചു സമയം മാത്രമാണ് അദ്ധ്യാപകരുടെ കൈയ്യിൽ കുട്ടികളെ കിട്ടുന്നത്. കുട്ടികളുമായി നല്ല ബന്ധം സ്ഥാപിക്കണം. ഓരോ കുട്ടിയേയും അടുത്തറിയണം. പലതരം ചുറ്റുപാടുകളിൽ നിന്നുമാണ് ഓരോ കുട്ടിയും വരുന്നത്. അവർക്ക് പല പ്രശ്നങ്ങളായിരിക്കും. കുട്ടികളെയും ചുറ്റുപാടുകളെയും മനസ്സിലാക്കി അവരുടെ വ്യക്തിപരമായി രഹസ്യപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകാൻ കുട്ടികളെ സഹായിക്കണം. ഓരോ ക്ലാസുകളും വളരെ ആകർഷകമാക്കാൻ പരിശ്രമിക്കണം. ചെറിയ കഥകൾ പറഞ്ഞു കൊടുത്തും, ഗാനം, Skit, മുതലായവ ക്ലാസിൽ അവതരിപ്പിച്ച് കുട്ടികളെ പങ്കെടുപ്പിക്കുന്നതും നല്ലതാണ്. പ്രാധാന്യമുള്ള ആനുകാലിക വിഷയങ്ങളും ചർച്ച ചെയ്യാം. ഇത്തരത്തിൽ ക്ലാസിൽ മുടങ്ങാതെ വരുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഞായറാഴ്ചത്തെ ക്ലാസുകഴിഞ്ഞാൽ അന്നുമുതൽ അടുത്ത ക്ലാസിനു വേണ്ടി ദിവസവും പരിശീലകർ ഒരുങ്ങി തയ്യാറാകണം. ദിവസവും കുറച്ച് നേരം തങ്ങൾ പഠിപ്പിക്കുന്ന കുട്ടികളെ സമർപ്പിച്ച് പ്രാർത്ഥിക്കണം. കുട്ടികൾക്ക് Home work കൊടുത്തത് അടുത്ത ക്ലാസിൽ അത് പരിശോധിക്കണം. വൈദികരും, സന്യസ്തരുമായി സൗഹൃദം സ്ഥാപിക്കണം. വി. കുർബാനയ്ക്കും, ക്ലാസിലും കൃത്യ സമയത്ത് എത്തിച്ചേരണം. കഴിയുന്നതും ക്ലാസ്സുകളിൽ മുടങ്ങാതെ നോക്കണം. വിശുദ്ധ കുർബ്ബാനയിൽ സജീവമായി പങ്കെടുക്കണം. കുമ്പസാരം, കുർബ്ബാനസ്വീകരണം എന്നിവ കുട്ടികൾ കാൺകെ ചെയ്യുന്നത് അവർക്ക് മാതൃകയായിരിക്കും. ഇടയ്ക്കൊക്കെ കുട്ടികളുടെ വീടുകൾ സന്ദർശിച്ച്, മാതാപിതാക്കളുമായി കുട്ടികളുടെ വിശേഷങ്ങൾ ചർച്ച ചെയ്യണം. എന്തെങ്കിലും പ്രശ്നങ്ങൾ (ക്ലാസിൽ വരാതിരിക്കുക, പഠനത്തിൽ ശ്രദ്ധയില്ലായ്മ, വിശുദ്ധ കുർബ്ബാനയ്ക്കും മറ്റും സമയത്തിന് വരാതിരിക്കുക) ഉണ്ടെങ്കിൽ പറഞ്ഞ് പരിഹാരം കാണണം. എല്ലാ വിധത്തിലും, വിശ്വാസപരിശീലകർ ഒരു മാതൃക ആയിരിക്കണം. അപ്പോൾ കുട്ടികളും, മാതാപിതാക്കളും അവരെ ബഹുമാനിക്കും.

ഇന്ന് കുട്ടികൾക്കും യുവജനങ്ങൾക്കും, മുതിർന്നവർക്കുമുള്ള ഒരു പ്രക്രിയയായിട്ടാണ് വിശ്വാസപരിശീലനം കണക്കാക്കപ്പെടുന്നത്. സഭ വിശ്വാസപരിശീലനം സഭയുടെ പ്രാഥമിക കർത്തവ്യങ്ങളിൽ ഒന്നായി എക്കാലവും സഭ കരുതിപോരുന്നു. അതിനു കാരണം, ഉത്ഥാനശേഷം

പിതാവിന്റെ പക്കലേയ്ക്ക് ആരോഹണം ചെയ്യുന്നതിനുമുൻപ് യേശു തന്റെ അപ്പസ്തോലന്മാർക്ക് ഒരന്തിമ കല്പനനൽകുകയുണ്ടായി. എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുകയും താൻ ഏല്പിച്ചവയെല്ലാം അനുസരിപ്പിക്കുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക. പരിശുദ്ധ പിതാക്കന്മാർ ഈക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു.

അവസാനമായി നമ്മുടെ കുട്ടികൾ- വിശ്വാസത്തിൽ, വിശുദ്ധിയിൽ യേശുവിൽ വളരണം. അതിനുവേണ്ടി മാതാപിതാക്കളും വിശ്വാസപരിശീലകരും ആത്മാർത്ഥമായി പരിശ്രമിക്കണം. അപ്പോൾ നമ്മുടെ കുട്ടികൾ വിശ്വാസികളായി വളരും. അവർ കുടുംബത്തിനും, ഇടവകക്കും, സമൂഹത്തിനും നാടിനും ഒരു മുതൽകൂട്ടായിരിക്കും. നമ്മുടെ ഉദ്യമം സഫലമാകുവാൻ ലോകഗുരുവായ യേശുനാഥൻ നമ്മെ അനുഗ്രഹിക്കട്ടെ. തിരുകുടുംബ പാലകരായ പരിശുദ്ധ അമ്മയും മാർ യൗസേപ്പിതാവും നമ്മുക്ക് വേണ്ടി മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കട്ടെ....






Steffy N.A
Std XII

# Catechism News

**Second Midterm Examination**

Second midterm examinations for standard 1st to 12th will be held on 5th December 2021. All students are requested to prepare well for the examination.

**Teachers' day celebration**

Teachers' day celebration was held on November 4th 2021.Fr Anson Panengadan CMI offered the Holy Qurbana, homily and seminar. Teachers presented the offerings and gave thanks to the Lord for all the blessings. Special thanks to the Vicar, Headmistress, PTA members and executives for organising the program.

**Catechism day**

Catechism day and children's day was celebrated on November 14th 2021.We would like to extend our heartfelt thanks to all the students and parents for their full support and cooperation. Our sincere thanks to Vicar, Headmistress, teachers, PTA members and Kaikarans for all their guidance and support.

**Diocese level catechism day**

Diocese level catechism day was held on 2nd October. Students from our parish presented the prayer dance. Thanks to students and teachers who guided them for the program.

**Teachers service award**

Teachers service award was presented to Mr Poulouse CI for 40 yrs. of service and Mr John Paul for 15 yrs. of service. Our heartfelt wishes and congratulations. Your many years of service are a true testimony of your dedication to work. Our prayers for you to continue your work and render your service to God.

**Online Program "Kannuneer muthu"**

An online program "Kannuneer muthu" was presented by our students of standard 6th to 9th on the occasion of the month of rosary. Our sincere thanks to Vicar, Asst.Vicar, Headmistress, students, teachers and parents who supported in organising the program.

**Winners in Diocese level competitions**

The following are the students who have won prizes in various competitions conducted in the diocese level. Congratulations and wishes on your success

| | | |
|---|---|---|
| St Joseph's hymns | Jees Maria | 3rd prize |
| Card making competition | Gabriel Delwin | 2nd prize |
| Marys Praise Song | Smitha maria Thomas | 2nd prize |

**Congratulation to the Final professed Sister**

We wish and congratulate our Final professed Sr. Grace Mary FCC of our parish into her new journey of life. A felicitation for sister by the catechism department was held, where Sister spoke to the students inspiring them to take up the vocational life. Students, make sure to keep her in your prayers. We wish our dear sister God's blessings on her journey ahead.

**Preparation for Christmas**

All students are requested to attend the holy Qurbana daily in this special month of December. Take utmost care to confess your sins and prepare a beautiful place in your heart for child Jesus.

May God bless you with a festive, loving and peaceful celebration this Christmas and all throughout the year. Merry Christmas and a happy New Year to all!

# Kids Corner

**Start a peaceful and colourful time with Bible colouring.**
**Stay with God and grow in faith**

May this Christmas sparkle with moments of love,
laughter and good will, and may the year ahead be full of love and peace
Merry Christmas and a Happy New Year to all!



# Marian Knowledge

1. Who said, “Keep Mary in your heart and Jesus will grow in your heart.”?
   Archbishop Fulton J. Sheen.
2. Who said, “The Madonna is not pleased when she is put above her son”?
   Pope John XXIII.
3. Who are the Marian Fathers?
   Sts. Ephrem, Ambrose and Jerome.
4. Who are the Marian Writers?
   Sts. Bonaventure, Montfort, John Eudes and Bossuet
5. Whom did Our Lady ask to spread devotion to the Green Scapular?
   St. Justin
6. When is the feast of Immaculate conception celebrated?
   December 8
7. When is the feast of Our lady of Guadalupe celebrated?
   December 12th
8. When is the Solemnity of Mary, the Holy Mother of God celebrated?
   January 1st
9. Which country started the tradition of putting up a Christmas tree?
   Germany
10. Which country does St. Nicholas commonly known as Santa Claus belongs to?
    Greece.

# DECEMBER 2021

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | **1**<br>1 Cor 1:4-9<br>Jn 8:26-30 | **2**<br>1 Tim 4:11-16<br>Mt 24:45-51 | **3**<br>2 Cor 6:3-10<br>Mk 6:7-13 | **4**<br>Gal 3:1-9<br>Lk 9:57-62 |
| **5**<br>Num 22:20-35<br>Is 43:25-44:5<br>Col 4:2-6<br>Lk 1:26-38 | **6**<br>Eph 4:13-16<br>Jn 14:11-14 | **7**<br>2 Tim 4:1-8<br>Lk 14: 25-33 | **8**<br>Heb 1:1-3+2:16-18<br>Lk 1:46-55 | **9**<br>Rom 12:9-18<br>Lk 1:39-45 | **10**<br>2 Cor 8:11-15<br>Lk 1:46-56 | **11**<br>Heb 3:12-19<br>Lk 11: 33-36 |
| **12**<br>Gen 18:1-10<br>Judg 13:2-7, 24<br>Eph 3:1-13<br>Lk 1:57-66 | **13**<br>1 Cor 5:1-8<br>Lk 6:43-45 | **14**<br>Cor 2:1-10<br>Lk 14:25-33 | **15**<br>1 Thess 2:13-17<br>Lk16:10-13 | **16**<br>Gal 3:26-29<br>Lk 1:67-79 | **17**<br>Col 1:10-16<br>Mk 1:1-8 | **18**<br>Eph 2:14-22<br>Jn 14:1-6 |
| **19**<br>Gen 24:50-67<br>1 Sam 1:1-18<br>Eph 5:5-21<br>Mt 1:18-24 | **20**<br>Eph 6:18-20<br>Jn 1:1-5 | **21**<br>Gal 4:1-7<br>Jn 1:6-13 | **22**<br>Eph 4:17-24<br>Jn 1:43-51 | **23**<br>Rom 9:6-16<br>Mt 5:17-20 | **24**<br>Heb 1:5-14<br>Jn:7:25-31 | **25**<br>Gal 3:15-4:6<br>Is 7:10-16<br>Mic 4:1-3<br>Lk 2:1-20 |
| **26**<br>Gen 1:26-28<br>Sir 3:1-9<br>Col 3:18-21<br>Mt 2:13-14,19-23 | **27**<br>Rom 8:35-39<br>Jn 21:20-24 | **28**<br>Heb 11:32-38<br>Mt 2:13-18 | **29**<br>Col 3:12-17<br>Mt 2:1-12 | **30**<br>Heb 5:11-14<br>Mt 12:43-45 | **31**<br>1 Tim 6:6-12<br>Lk 13:6-9 | |

K.J GEORGE
Cell: 9865259919

Nirmala MATHA
CHITS (TAMIL NADU) PVT.LTD
✆ 0422 6506785
0422 2536785

A.G. VARGHESE
Phone : 0422-5514235
Mobile : 98422 18161

ATHANIKKAL ENGINEERING
Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.


# Divine
## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377



DIGITAL X-RAY, LAB & ECG

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

**MASTER HEALTH CHECKUP 50% OFF**

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

JA

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12